കെഎസ്എ-കെടിഎം.പി 12/89/2019 തീയതി: 18.02.2019

## കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-2017 മുതൽ 31-12-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നും 1-4-2017 മുതൽ 31-03-2018 തീയതി വരെ നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | .11/01/2019മുതൽ 23/01/2019വരെ | |
| ഓഡിറ്റ് നടത്തിയ | : | പി.ബി | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥർ | | നടരാജൻ | |
| | : | രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | അമ്പിളി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | : | കൃഷ്ണപ്രിയ.എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മോനിമോൾ കെ ജയ്മോൻ | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | എസ്.നെൽസൺ | 01-04-2017 മുതൽ 31-03-2018 വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ തങ്കച്ചൻ.സി.എം | 01-04-2017മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി അനീന സൂസൻ സഖറിയ | 1-4-17 മുതൽ 31-3-18 വരെ |
| അസി.എൻജിനീയർ | ശ്രീ നടരാജസുന്ദരം | 1-4-17 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. മുഹമ്മദ് സുനിൽ | 1-4-17 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ | ശ്രീ നിസാമുദ്ദീൻ എ. | 1-4-17 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സുമ സി.എസ് | 1-4-17 മുതൽ 31-3-18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയരാജ് | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനുജോസഫ്.കെ | 1-4-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.രേഖ.ആർ | 1-4-17 മുതൽ 31-3-18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി എസ്.എസ്. ശോഭന | 1-4-17 മുതൽ 31-3-18 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ജയലക്ഷ്മി എൻ | 1-4-17 മുതൽ 31-3-18 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി |
| 2-2 | വസ്തുനികുതി- ഉപയോഗക്രമം കൃത്യമായി നിർണ്ണയിച്ചിട്ടില്ല |
| 2-3 | നികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ- ചട്ടപ്രകാരമുള്ള വസ്തുനികുതി ചുമത്തേണ്ടതാണ് |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി |
| 2-5 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-6 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-7 | ഡി& ഒ ലൈസൻസ് |
| 2-8 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-9 | തടിമില്ലുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-10 | കള്ള് ഷാപ്പുകളും റേഷൻ കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 2-11 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തനത് ഫണ്ട് ചെലവുകൾ- അപാകതകൾ |
| 3-2 | ദിവസവേതനാടിസ്ഥാന നിയമനം ക്രമപ്രകാരമല്ല |
| 3-3 | ശരിയായ അന്വേഷണമില്ലാതെ കടത്തുകാരനെ നിയമിച്ചത് ക്രമപ്രകാരമല്ല |
| 3-4 | മഴക്കാലപൂർവ്വ ശുചീകരണം- പണം കൈമാറിയതിലും നിർവ്വഹണത്തിലും അപാകതകൾ |

| | |
|---|---|
| 3-5 | വാഹനപരിപാലനം- അപാകതകൾ |
| 3-6 | സംയുക്ത പദ്ധതികൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 3-7 | കൃത്യമായ മൂല്യനിർണ്ണയം ഇല്ലാതെ തുക നൽകി – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | എസ് എസ് എ പഞ്ചായത്ത് വിഹിതം – പ്രവർത്തന വിവരങ്ങൾ ലഭ്യമല്ല |
| 3-9 | പട്ടികവർഗ്ഗ കുടുംബത്തിന് വാട്ടർടാങ്ക് വിതരണം- വികസനഫണ്ടിൽ നിന്നും തുക അധികമായി ചെലവഴിച്ചു |
| 3-10 | കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - പ്രോജക്ട് പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 3-11 | സമ്പൂർണ്ണ ഭവന പദ്ധതി – പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് |
| 3-12 | കൺവീനർക്ക് അധിക തുക നൽകി |
| 3-13 | ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രവൃത്തികളിൽ തൊഴിലാളി ക്ഷേമനിധി, വിവിധ നികുതികൾ എന്നിവയിൽ ഇരട്ടിപ്പ് – പഞ്ചായത്തിന് നഷ്ടം |

| | |
|---|---|
| 3-14 | അയർക്കുന്നം ഗവ.എൽപിഎസ് അടിസ്ഥാന സൗകര്യവികസനം – അധിക പ്രവൃത്തി ചെയ്തതിന് തുക നൽകിയത് അംഗീകരിക്കുന്നില്ല- ചെലവ് നിരാകരിക്കുന്നു |
| 3-15 | വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കൺവീനർക്ക് നൽകി- തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 3-16 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല |
| 3-17 | വാർഡ് 16, 11 ൽ ഉൾപ്പെട്ട 5, 22 നം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ- യഥാർത്ഥ ടെണ്ടർ കുറവ് പരിഗണിച്ചില്ല |
| 3-18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഉദ്യോഗസ്ഥ നിയമനം സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2018 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള |
|---|---|---|---|

| | | | വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 12656829 | 18197355/- | 5540526 | |
| വരവ് | 154800000 | 80268862 | | 74531138 |
| ആകെ | 167456829 | 98466217 | | 68990612 |
| ചെലവ് | 147300000 | 84153608 | | 63146392 |
| നീക്കിയിരിപ്പ് | 75470000 | 14312609 | | 61157391 |

2017-18 വർഷം16.74കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും(മുന്നിരിപ്പ് ഉൾപ്പെടെ) 14.73 കോടി രൂപ പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.74കോടി രൂപയും ചെലവ് 13.6 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കോടികളുടെ അന്തരമുള്ളതായി വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ, യാഥാർഥ്യബോധത്തോടെ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്ത് സെക്രട്ടറിയുടെ 28-6-2018 ലെ എ-1004/2017കത്ത് പ്രകാരം, 2-7-2018 തീയതിയിൽ വാർഷിക ധനകാര്യ പത്രിക തപാലിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27/6/18, 28/6/18 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 3-7-2018ലെ കെ.എസ്.എ.-കെ.ടി.എം.പി12-1283/18 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18197355/- |
| വരവ് | 80268862 |
| ആകെ | 98466217 |
| ചെലവ് | 84153608 |
| നീക്കിയിരിപ്പ് | 14312609 |

## 1-5 ഫണ്ട് വിനിയോഗം-വിശകലനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 17942000 | 17942000 | 17302721 | 639279 | 96 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 5494241 | 5494241 | 5371082 | 123159 | 98 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 246899 | 246899 | 223080 | 23819 | 90 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 17527616 | 17527616 | 13575998 | 3951618 | 77 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 4290897 | 4290897 | 4268364 | 22533 | 99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8617942 | 8617942 | 7820884 | 797058 | 91 |
| പെർഫോമൻസ് ഗ്രാന്റ്(കേന്ദ്രം) | 0 | 2284337 | 2284337 | 1274197 | 1010140 | 56 |
| പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാനം) | | 791328 | 791328 | 0 | 791328 | 0 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 18654 | 493016 | 10703676 | 10930236 | 273440 | 48 |
| ബി.ഫണ്ട് | | 55595340 | 55595340 | 55595340 | 0 | 100 |
| ട്രഷറി ടി.എസ്.ബി | 9051395 | 12453000 | 21504395 | 20003780 | 1500615 | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 1.24 കോടി രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

## 1-6 പദ്ധതി അവലോകനം

### പദ്ധതി രൂപീകരണം

സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹികനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമമാതൃകയാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ

ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗംചേരൽ | 02-04-2017 |
| പദ്ധതി ഗ്രാമസഭാപൂർത്തീകരണം | 20-07-17 , 22-07-17 , 23-07-17 തീയതികളിൽ |
| ഊരുകൂട്ടം | 19-10-17 |
| വികലാംഗ ഗ്രാമസഭ | 23-03-2017 |
| വികസനസെമിനാർ | 02-05-2017 |

പദ്ധതി അംഗീകാരം

2017-18-ലെ അന്തിമ വാർഷികപദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ 07-3-18-ലെ 9-ാം നം തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/17/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 116656694 രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിരുന്നത്. 70 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 227 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 59 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 182 പ്രോജക്ടുകൾക്കുവേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

വാർഷികപദ്ധതി ചെലവ്കണക്ക് കൃത്യമല്ല

2017-18 വർഷം നടപ്പാക്കിയ ചില പ്രോജക്ടുകളുടെ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക ചെലവഴിച്ച വിവരങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ചെലവ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. (ഉദാ- പ്രോജക്ട് നം 97/18 ഐഎസ്ഒ സർട്ടിഫിക്കേഷൻ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 131978 രൂപ ചെലവഴിച്ചിരുന്നുവെങ്കിലും സുലേഖയിലുള്ള ചെലവ് പത്രിക പ്രകാരം തനത് ഫണ്ടിൽ നിന്നും ഈയിനത്തിൽ ചെലവ് വന്നിട്ടില്ല. കൂടാതെ 2017-18 വർഷം

തനത് ഫണ്ട് ഇനത്തിലുള്ള യാതൊരു ചെലവും ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. തൻമൂലം ഗ്രാമപഞ്ചായത്തിന്റെ ആകെ ചെലവ് തുക കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. തൻമൂലം ആകെ ചെലവ് ശതമാനം കണക്കാക്കിയതിൽ പിഴവ് വന്നിട്ടുണ്ട്. ആകെ ചെലവ് ശതമാനം 47% മാത്രമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 11 | 11 | 2653112 | 2085508 | 78.6% |
| 2. | വെറ്ററിനറി സർജൻ | 9 | 9 | 9272420 | 2924920 | 31.5% |
| 3. | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | 2 | 1 | 400000 | 300000 | 75% |
| 4. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 50,000 | 50,000 | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 7 | 4 | 30402500 | 2604000 | സംസ്ഥാനാവിഷ്കൃത ഫണ്ട് ,തനത് ഫണ്ട് ചെലവുകൾ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 5970642 | 4165826 | 69.77% |
| 8. | സെക്രട്ടറി | 22 | 14 | 14487299 | 8278412 | 57% |
| 9. | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 152 | 120 | 44880705 | 28044486 | 62.48% |
| 10. | ഹെഡ്മാസ്റ്റർ | 10 | 9 | 4251016 | 3545185 | 83% |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2500000 | 1500000 | 60% |

| | | | | | | |
|---|---|---|---|---|---|---|
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 1489000 | 1116580 | 74.98% |
| ആകെ | | 227 | 169 | 116656694 | 54914917 | 47.07% |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ തനത് ഫണ്ട് വിഹിതം എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് സെക്രട്ടറി ട്രാൻസ്ഫർ ചെയ്തു നല്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന്/കൺവീനർക്ക് ട്രാൻസ്ഫർ ചെയ്തു നല്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. ഡിമാന്റ് ഡ്രാഫ്റ്റായി തുക നല്കുന്നതിന് ആരംഭിച്ച അക്കൗണ്ടിൽ നിലവിൽ 1 ലക്ഷം രൂപക്ക് മേൽ നീക്കിയിരിപ്പുണ്ട്. കക്ഷികൾക്ക് തുക നേരിട്ട് അക്കൗണ്ടിൽ നല്കുന്നതിനാൽ നിലവിൽ പ്രസ്തുത അക്കൗണ്ട് നിലനിർത്തിയിരിക്കുന്നത് അനുവദനീയമല്ല. പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽ നിന്ന് പിടിക്കുന്നതുക, പലിശ ഇനത്തിലെ വരവ് തുടങ്ങിയവ പ്രത്യേകം കണക്കാക്കി പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

2017-18 വർഷം പദ്ധതി മാർഗ്ഗരേഖ പ്രകാരം അനിവാര്യമായി നിശ്ചയിച്ച മേഖലകളിൽ ഉൾപ്പടെ 13വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽ നിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടുകളിൽ സമയപട്ടിക നിശ്ചയിച്ചിരുന്നില്ല. കൂടാതെ വിവിധ പ്രോജക്ടുകളുടെ മോണിറ്ററിങ്ങും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി നിർവ്വഹിച്ചതായി കാണുന്നില്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ നിശ്ചയിക്കുക, എന്നീ ചുമതലകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തൃപ്തികരമായി നിശ്ചയിക്കുന്നുവെങ്കിലും പദ്ധതി കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ലായെന്ന് കാണുന്നു. പൊതുഭരണം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നൂതന പ്രോജക്ടുകളൊന്നും ആവിഷ്ക്കരിച്ചിരുന്നില്ല.

<u>വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി</u>

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ

നിർവ്വഹണവുമായി ബന്ധപ്പെട്ട് യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വനിതാ വികസനം, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, വൃദ്ധർ, കുട്ടികൾ എന്നിവയുമായി ബന്ധപ്പെട്ട നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടായിട്ടില്ല. സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധന മാത്രമായി സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം ചുരുങ്ങാതെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും ഇടപെടൽ ഉണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾക്ക് നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും മിനിറ്റ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 403 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 134 പ്രോജക്ടുകളിൽ 104 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. 2017-18 വർഷം ഓരോ വാർഡിലും 2 ഗ്രാമസഭകൾ വീതം ആകെ 40 ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 37411 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 672 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 247 അയൽക്കൂട്ടങ്ങളിൽ 221 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 82 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തോടുകളുടെ പുനരുദ്ധാരണം, റോഡിൻെറ വശങ്ങളിലും പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈ നടീൽ, തരിശുഭൂമികൾ കൃഷിയോഗ്യമാക്കൽ തുടങ്ങിയവയാണ് പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് തൻവർഷം നടപ്പാക്കിയ പ്രവൃത്തികൾ. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.ഐ. അറുമാനൂർ ശാഖയിലെ അക്കൗണ്ട് നം. 67060999659 മുഖേനയാണ് നടത്തുന്നത്. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 18654 | 493016 | 511670 | 238229.5 | 273440.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 10299308 | 10299308 | 10299308 | 0 |
| | 18654 | 10792324 | 10810978 | 10537537.5 | 273440.5 |

## 1-8 സാമൂഹ്യ ക്ഷേമപദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 40 | 23640 |
| കർഷകതൊഴിലാളി പെൻഷൻ | 459 | 5814100 |
| വിധവാപെൻഷൻ | 1102 | 13819200 |
| വാർദ്ധക്യകാലപെൻഷൻ | 1827 | 30709900 |
| വികലാംഗപെൻഷൻ | 327 | 4326500 |
| അവിവാഹിത പെൻഷൻ | 61 | 782000 |

## 1-9 കാഷ് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-1-2019 തീയതിയിൽ 3.45-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് കാഷ്യറുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 15901 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലാവിഭജനം നടത്തിയിട്ടുണ്ടെങ്കിലും ശരിയായ

രീതിയിലുള്ള മേൽനോട്ട സംവിധാനത്തിന്റെ അഭാവം പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെയും പ്രോജക്ടുകളുടെ നടത്തിപ്പിനെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. വൗച്ചറുകൾ ക്രമനമ്പറിട്ട് അനുബന്ധരേഖകൾ സഹിതം ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. പക്ഷേ വൗച്ചറുകൾ പ്രസിഡൻറ് ഒപ്പ് വച്ച് അധികൃതമാക്കി സൂക്ഷിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷം തനത് ഫണ്ട് ചെലവഴിച്ചതിൻെറ രേഖകളിൽ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല. രജിസ്റ്ററുകൾ കാലികമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. ലോഗ്ബുക്കിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. അനധികൃതമായുള്ള യാത്രകൾ നടന്നതായി ലോഗ്ബുക്കിന്റെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയെ ഇത് സൂചിപ്പിക്കുന്നു. വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് അപൂർണ്ണമാണ്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. പക്ഷേ ബാങ്ക് ബുക്ക് സൂക്ഷിക്കുന്നില്ല. രസീതു ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കുന്നുണ്ട്. സാംഖ്യ രസീത് കൗണ്ടർ ഫോയിലുകൾ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി.കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നികുതികൾ ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും കുടിശിക പിരിച്ചെടുക്കുന്നതിനും കൃത്യമായ ശ്രമം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. അതിനാൽ പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം സംഭവിക്കുന്നു. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുവെങ്കിലും ഫയലുകൾ ശരിയായി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 | 12/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 6-12-2014 | 09-10 മുതൽ | LBA(HQ) II/I/8A- |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 13-14 വരെ | 2223/322/2-1-15 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 137436296 രൂപയും ചെലവ് 136093988 രൂപയും തൻവർഷ പ്രവർത്തന മിച്ചം 1629246 രൂപയാണ്. ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയതും കൃത്യമല്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക കണക്കുകളിലെ വിവിധ വരവിനങ്ങളുടെ (വാടക, ബസ്സ് സ്റ്റാന്റ് ഫീസ്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ, പാർക്കിംഗ് ഫീസ്) ഡിമാൻഡ്, കളക്ഷൻ, ബാലൻസ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. 2018-19 വർഷത്തേക്കുള്ള കുത്തകാവകാശങ്ങളുടെ മുൻകൂർ ലേലത്തുക (ബസ് സ്റ്റാന്റ് ഫീസ്, പബ്ലിക് കംഫർട്ട് സ്റ്റേഷൻ, പാർക്കിംഗ് ഫീസ്) തൻ വർഷ വരവായി അക്കൗണ്ട് ചെയ്തു.
6. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. സർക്കാറിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ചിട്ടുള്ള തുകകൾ/ സംയുക്ത പ്രോജക്ടിനു ലഭിച്ച തുകകളിൽ നീക്കിയിരുപ്പായി ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.
8. ബി-5, ബി-16 ഷെഡ്യൂൾ പ്രകാരം തിരിച്ചടയ്ക്കാനവശേഷിക്കുന്ന ലോൺ തുക, ലോൺ രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9. ബി-9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകകളുടെയും, അഡ്വാൻസ്

ലഭിച്ച തുകകളുടെയും കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പിക്കാനാവുന്നില്ല.

10. ജീവനക്കാരുടെ തൊഴിൽനികുതിയുടെ I-1 ഷെഡ്യൂൾ പ്രകാരമുള്ള വരുമാനവും RP-1 ഷെഡ്യൂൾ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.
11. RP-31 ഷെഡ്യൂളിൽ 320100121 മുതൽ 320800101 ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന പ്രത്യേകാവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റ് തുകകളുടെ കൃത്യത അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പിക്കാനാവുന്നില്ല.
12. ബി12, ബി14 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി

### എ)വസ്തുനികുതി നിർണ്ണയത്തിൽ അപാകത

സഞ്ചയ സോഫ്റ്റ്‌വെയർ (റവന്യൂ മൊഡ്യൂൾ) പരിശോധയിൽ നിരവധി കെട്ടിടങ്ങളുടെ മേഖലാ വിഭജനം, ഉപയോഗക്രമ നിർണ്ണയം, ഇളവുകൾ അനുവദിച്ചത് എന്നിവയിൽ അപാകത കാണപ്പെട്ടു. പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ചേർത്തിട്ടുണ്ട്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്നവ പാർപ്പിട വിഭാഗത്തിൽ ഉൾപ്പെടുത്തി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച നിരവധി കെട്ടിടങ്ങൾ തെറ്റായി ഉൾപ്പെട്ടിരിക്കുന്നു. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇപ്രകാരമുള്ള അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം കൃത്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പരിഹാര നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

### ബി) കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുവാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| റെസിഡൻഷ്യൽ കെട്ടിടങ്ങൾ | 28,68,015 രൂപ |
| നോൺ- റെസിഡൻഷ്യൽ കെട്ടിടങ്ങൾ | 22,72,297 രൂപ |

| | |
|---|---|
| ആകെ | 51,40,312 രൂപ |

കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതും പിരിവ് പുരോഗതിയുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-2 വസ്തുനികുതി - ഉപയോഗക്രമം കൃത്യമായി നിർണ്ണയിച്ചിട്ടില്ല

എ)വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ

വാണിജ്യ/വ്യാപാര ആവശ്യങ്ങൾക്കായി ലൈസൻസ് നേടിയിട്ടുള്ള നിരവധി സ്ഥാപനങ്ങളെ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളായി കണക്കാക്കിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം തെറ്റായി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ വൻകുറവ് സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | കെട്ടിട ഉടമയുടെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഉപയോഗം | ഡി & ഒ ലൈസൻസ് പ്രകാരം ഉപയോഗം |
|---|---|---|---|---|
| 8/175 | ജോസഫ് പന്തംമാക്കൽ, തൈക്കുട്ടം | 37 | പാർപ്പിടം | സി.എഫ്.എൽ, എൽ.ഇ.ഡി. ബൾബ് വിൽപ്പന |
| 2/526 | ജോസഫ് ലൂക്കാ, കടുന്നയിൽ | 99 | പാർപ്പിടം | ഔഷധ മരുന്ന് വിൽപ്പന |
| 10/532 | മുഹമ്മദ് മുഷ്താഖ്, ടിരിയ ഹാബിൻ, ഒറീസ്സ | 510 | പാർപ്പിടം | ത്രെഡ് റബ്ബർ, പ്രീ ക്യൂർ റബർ നിർമ്മാണം |
| 14/467 | രവീന്ദ്രൻ മുത്തിയാട്ട് | 42.57 | പാർപ്പിടം | ബിൽഡിംഗ് ഡിസൈൻ & കൺസ്ട്രക്ഷൻ |
| 14/424 | രാജൻ വലിയപറമ്പിൽ | 42.21 | പാർപ്പിടം | ബേക്കറി |
| 20/350 | ഷെല്ലി ഏബ്രഹാം, | | പാർപ്പിടം | സോ- മിൽ |

| | | | | |
|---|---|---|---|---|
| | പൊക്കിടിയിൽ ആറുമാനൂർ | | | |
| 7/216 J-K | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം ഉൾപ്പെടുത്തിയിട്ടില്ല | -- | -- | മെഡിക്കൽ ലാബ് |
| 8/565 | സഞ്ചയയിൽ വസ്തുനികുതി നിർണ്ണയം ഉൾപ്പെടുത്തിയിട്ടില്ല | -- | -- | കർട്ടൻ വർക്ക് , അപ്ഹോൾസ്റ്റി പ്രവൃത്തികൾ |

പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളെ അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുന:നിർണ്ണയിക്കാൻ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 നികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ - ചട്ടപ്രകാരമുള്ള വസ്തുനികുതി ചുമത്തേണ്ടതാണ്

ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ നികുതി ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയവയ്ക്ക് ചട്ടപ്രകാരമുള്ള വസ്തുനികുതി ചുമത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

| വാർഡ് നം / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 14/397 | മൗണ്ട് കാർമ്മൽ പാരീഷ്ഹാൾ | 83.16 |
| 2/202C | സെന്റ് മേരീസ് കോൺവെന്റ് | 565 |
| 2/391 | വൈ.എം.സി.എ പൂന്നത്തുറ | 12.95 |

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി

എ)വസ്തുനികുതി നിർണ്ണയിക്കാതെ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ ടാറ്റാ ഇൻഡിക്കോം, റിലയൻസ്

എന്നിവയുടെ രണ്ട് ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് 23/01/19 ൽ പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ റവന്യൂ മൊഡ്യൂൾ പ്രകാരം പ്രസ്തുത ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ആകെ 6 മൊബൈൽ ടവറുകളുടെ വസ്തുനികുതി മാത്രമേ നിർണ്ണയിച്ചിട്ടുള്ളൂ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.10.14 ലെ സർക്കുലർ നം. 40395/ആർസി2/14ൽ നിർദ്ദേശിക്കും പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടില്ല. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം കണക്കാക്കിയല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ മൊബൈൽ ടവറുകളുടെയും യഥാർഥ വിസ്തീർണ്ണം കണക്കാക്കി വസ്തുനികുതി നിർണ്ണയം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

<u>ബി)മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു</u>

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 ഒന്നാം അർദ്ധവർഷം മുതൽ കുടിശ്ശികയാണ്.

| വാർഡ് നം./ കെട്ടിട നം. | മൊബൈൽ ടവറിന്റെ വിവരം | വസ്തുനികുതി (രൂപ) |
|---|---|---|
| 14/389A | വയർലെസ്സ് TT, ഇൻഫോ സർവ്വീസ്, നിരവുപാടി കുന്ന് | 6750 |
| 12/62 A | സബ് ഡിവിഷൻ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 11847 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 <u>ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ

നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം അയർക്കുന്നം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തെങ്ങുംപ്ലാക്കൽ ഫിനാൻസ് | 1,2 |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | 1,2 |
| 3 | എ ബി റ്റി ചിറ്റ്സ് ലിമിറ്റഡ് | 1,2 |
| 4 | കൊങ്ങാണ്ടൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |
| 5 | യൂണിവേഴ്സൽ ഇലക്ട്രിക് എന്റർപ്രൈസസ് | 1,2 |
| 6 | മെഡ് ലൈൻ ലാബോറട്ടറി | 1,2 |
| 7 | അക്യൂറാ ഡയഗനണോസ്റ്റിക്സ് | 1,2 |
| 8 | മെഡർ ഹെൽത്ത് സെൻറർ | 1,2 |
| 9 | ജിയോ ദന്തൽ ക്ലിനിക് | 1,2 |
| 10 | സൂര്യ ഹോമിയോ ക്ലിനിക് | 1,2 |
| 11 | മാലി ദന്തൽ ക്ലിനിക് | 1,2 |
| 12 | കോൺഫിഡന്റ് ദന്തൽ ക്ലിനിക് | 1,2 |
| 13 | ശാന്തിഗിരി ആയുർവേദ വൈദ്യശാല & പഞ്ചകർമ്മ സെൻറർ | 1,2 |
| 14 | എച്ച് ഡി എഫ് സി ബാങ്ക്, ഒറവയ്ക്കൽ | 1,2 |
| 15 | കെയർ വെൽ ഹോമിയോ ക്ലിനിക് | 1 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/18.01.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-6** സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം അയർക്കുന്നം

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തെങ്ങുംപ്ലാക്കൽ ഫിനാൻസ് | 1,2 |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | 1,2 |
| 3 | എ ബി റ്റി ചിറ്റ്സ് ലിമിറ്റഡ് | 1,2 |
| 4 | കൊങ്ങാണ്ടൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1,2 |
| 5 | എസ് ബി ഐ അറുമാനൂർ | 1,2 |
| 6 | എസ് ബി ഐ തിരുവഞ്ചൂർ | 1,2 |
| 7 | എസ് ബി ഐ അയർക്കുന്നം | 1,2 |
| 8 | കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, അയർക്കുന്നം | 1,2 |
| 9 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തിരുവഞ്ചൂർ | 1,2 |
| 10 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പുന്നത്തുറ | 1,2 |
| 11 | മുത്തൂറ്റ് ഫിൻകോർപ്പ്, തിരുവഞ്ചൂർ | 1,2 |
| 12 | കൊശമറ്റം ഫിനാൻസ്, ഒറവയ്ക്കൽ | 1,2 |
| 13 | എച്ച് ഡി എഫ് സി ബാങ്ക്, ഒറവയ്ക്കൽ | 1,2 |
| 14 | കാനറാ ബാങ്ക്, അയർക്കുന്നം | 1 |

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.01.2019) മറുപടി ലഭ്യമായിട്ടില്ല. മേൽപരാമർശിത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ്

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. 2017-18 സാമ്പത്തിക വർഷം 497 സ്ഥാപനങ്ങൾ അയർക്കുന്നം ഗ്രാമപഞ്ചായത്തിൻെറ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2016-17ൽ 369 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 128 സ്ഥാപനങ്ങളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

1) പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2017-18 വർഷം ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1264 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 257 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 9 |
| ഓഫീസ് ആവശ്യം | 73 |
| വ്യവസായാവശ്യത്തിനുള്ള-കൈത്തറിഷെഡ്, കയർപിരിഷെഡ് | 20 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 45 |
| ആകെ എണ്ണം | 1670 |

സഞ്ചയയിലെ വിശദാംശം പ്രകാരം പഞ്ചായത്ത് പരിധിയിൽ 1670 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 497 ലൈസൻസാണ് തൻവർഷം പഞ്ചായത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തതുമൂലം ചട്ടലംഘനവും ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് കനത്ത നഷ്ടവും ഉണ്ടാകുന്നു.

പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. ഡി & ഒ ട്രേഡ് ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രെഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ഡി & ഒ ട്രേഡ് ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2) ഡി ആൻറ് ഒ ലൈസൻസിന് അപേക്ഷിക്കേണ്ട സ്ഥാപനങ്ങളിൽ വളരെ കുറച്ച് എണ്ണം മാത്രമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകിയത്. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017ൽ സർക്കാർ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ 1.11.2017മുതൽ പുതിയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകേണ്ടിയിരുന്നത്. എങ്കിലും 1.11.2017ന് ശേഷം ലഭിച്ച അപേക്ഷകൾക്കും 1996ലെ ചട്ടപ്രകാരമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ഭേദഗതി പ്രകാരം ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിൻെറ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

എ) അയർക്കുന്നം പഞ്ചായത്ത് പരിധിയിൽ മോഡേൺ ക്ലിനിക്, അയർക്കുന്നം എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യാതെയും ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നതായി കാണുന്നു.

ബി) കൊറ്റത്തിൽ ആയുർവേദ ആശുപത്രി എന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ഡി ആൻറ് ഒ ലൈസൻസ് നേടിയിട്ടില്ലാത്തതായി കാണുന്നു.

സി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി ആൻറ് ഒ ലൈസൻസ് നേടിയിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

1. മെഡർ ഹെൽത്ത് സെൻർ
2. ശാന്തിഗിരി ആയുർവേദ വൈദ്യശാല & പഞ്ചകർമ്മ സെൻറർ

സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയും രജിസ്റ്റർ ചെയ്യാതെയും പ്രവർത്തിക്കുന്നതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/18.01.2019) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 <u>തടി മില്ലുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു</u>

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 120 എന്നിവ പ്രകാരം തടി മില്ലുകൾ പ്രവർത്തിക്കുന്നതിന് ഡി ആൻറ് ഒ ലൈസൻസ് ആവശ്യമാണ്. അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തടി മില്ലുകൾ ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി ആൻറ് ഒ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | IV/275 | ത്രേസ്യാമ്മ തോമസ്, തെക്കനാട്ട് |
| 2 | X/702 | ഒ ഇ ജേക്കബ്ബ്, ഒറവയ്ക്കൽ |
| 3 | XIII/287 | പി എസ് വർഗ്ഗീസ്, പുതുപ്പള്ളിക്കുന്നേൽ |

ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെ തടി മില്ലുകൾ പ്രവർത്തിക്കുന്നതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/18.01.2019) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നിജസ്ഥിതി അന്വേഷിച്ച് ഡി ആൻറ് ഒ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 കള്ള് ഷാപ്പുകളും റേഷൻ കടകളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 139, 56 എന്നിവ പ്രകാരം യഥാക്രമം കള്ള് ഷാപ്പുകൾ, റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നതിന് ഡി ആൻറ് ഒ ലൈസൻസ് ആവശ്യമാണ്. അയർക്കുന്നം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.04.2017 ലെ 5-ാം നമ്പർ തീരുമാനപ്രകാരം 26 കള്ള് ഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായും മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷവും മേൽ സ്ഥാപനങ്ങൾ ഡി ആൻറ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇപ്രകാരം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവുമാണ്. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡി ആൻറ് ഒ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ അയർക്കുന്നം ഗ്രാമപഞ്ചായത്ത്

പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | V/112 A | തോമസ് റ്റി ജെ, തറയിൽ | കോഴി വളർത്തൽ ഷെഡ് |
| 2 | V/455 B | കുര്യാക്കോസ് റ്റി വി തൊണ്ടംകുളം | കോഴി വളർത്തൽ ഷെഡ് |
| 3 | V/519 A | തോമസുകുട്ടി ജോർജ്ജ് വലിയവീട്ടിൽ | കോഴി വളർത്തൽ ഷെഡ് |
| 4 | V/525 B | റെജിമോൻ തോമസ് ഓലിക്കൽ | കോഴി വളർത്തൽ ഷെഡ് |
| 5 | XII/221 A | മനീഷ് മാത്യു ഉടുമ്പനാട്ട് കരോട്ട് | കോഴി വളർത്തൽ ഷെഡ് |
| 6 | XVIII/394 | ഔസേഫ് ചാക്കോ മുട്ടാപ്പള്ളിൽ | കോഴി വളർത്തൽ ഷെഡ് |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 എണ്ണം കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് നേടേണ്ടതാണ്. ഇപ്രകാരം ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതുമൂലം ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിച്ചിട്ടുണ്ട്. കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/21.01.2019) മറുപടി ലഭ്യമായിട്ടില്ല. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത്ഫണ്ട് ചെലവുകൾ - അപാകതകൾ

ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അവയ്ക്ക് നേരെ കാണിച്ചിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ഇനം വിവരം | തുക | ചെക്ക് നം./ തീയതി | അപാകതകൾ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 21700020/ 5.4.17 | ശമ്പളപരിഷ്കരണ കുടിശ്ശികയുടെ 1.07.14 മുതൽ 31.06.16 വരെയുള്ള ഗഡു ജൂനിയർ സൂപ്രണ്ട് ശ്രീ.ആർ.ചന്ദ്രന് നൽകിയത് | 35,410 | 2857/5.4.17 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ശമ്പളപരിഷ്കരണ കുടിശ്ശിക നൽകി | സർക്കാർ ഉത്തരവിന് വിരുദ്ധമായി ശമ്പളകുടിശ്ശിക പിൻവലിച്ചതിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ് |
| 2 | വിവിധ വൗച്ചറുകൾ 04/17 മുതൽ 03/18 വരെ | താൽക്കാലിക ജീവനക്കാരിയായ ശ്രീമതി രാധാ തങ്കപ്പന് നൽകിയ കൂലി (വൗച്ചർ നം.21700014, 21700083, 21700174, 21700273, 342, 396, 503, 558, 25, 677 | 1,92,075 | വിവിധ ചെക്കുകൾ 04/17 മുതൽ 03/18 വരെ | നിലവിൽ ഒഴിവില്ലാതെയും സർക്കാർ നിർദ്ദേശം ഇല്ലാതെ താൽക്കാലിക നിയമനം നടത്തി ശമ്പളം നൽകിയത് ക്രമവിരുദ്ധം | നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 21700277/ 4.7.17 | അയർക്കുന്നം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.ജോസ് | 2894 | | (1) പഞ്ചായത്തിന്റെ അനിവാര്യ ചുമതലാ നിർവ്വഹണത്തിനല്ല യാത്ര ചെയ്തിട്ടുള്ളത്. | അനുവദിയ്ക്കാവുന്ന തുക 12+745+745+ 12+200 = 1714<br><br>അധികം നൽകിയത് |

| | | | | | | |
|---|---|---|---|---|---|---|
| | | കൊറ്റത്തിലിന് 12.4.17ലെ തിരുവനന്തപുരം യാത്രയ്ക്ക് യാത്രപ്പടി അനുവദിച്ച തുക | | | (2)യാത്രക്കൂലിയായി കാണിച്ചിട്ടുള്ള തുകയ്ക്ക് വ്യക്തതയില്ല<br>(3) വൈസ് പ്രസിഡന്റിന് സെക്കൻഡ് എ.സി. ട്രെയിൻ ഫെയർ അനുവദിയ്ക്കാമെങ്കിലും നിലവിൽ ഒരു വശത്തേയ്ക്ക് 745 രൂപയാണ് (KTM-TVM).<br>(4) I/C അര ദിനബത്തയിൽ പരിമിതപ്പെടുത്തേണ്ടിയിരുന്നു. | 1180 രൂപ. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. |
| 4 | 21700596/ 13.11.17 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഫോറങ്ങളും രജിസ്റ്ററുകളും വാങ്ങിയത് സംബന്ധിച്ച ചെലവ് | 42126 | 2739753/13.11.17 | 1. ഫോറങ്ങളും രജിസ്റ്ററുകളും ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല<br>2. സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം ലഭ്യമല്ല<br>3. Tax invoice-ലെ തുകയും രസീതിലെ തുകയും തമ്മിൽ 511/- രൂപയുടെ വ്യത്യാസം | ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 5 | 21700814/ 22.2.18 | സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ | 4587 | 21993/22.2.18 | 1. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വിവരം ലഭ്യമല്ല. | ഓഡിറ്റ് എൻക്വയറിക്ക് മറുപടി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 2. ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയതിനാൽ ആവശ്യകതാ നിർണ്ണയം നടത്തിയ വിവരം ചേർത്തിട്ടില്ല | ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 6 | 31700369/ 26.2.18 | IKM SMS അലർട്ട്, ISO -carton ട്രാൻസ് പോർട്ടേഷൻ ചാർജ്ജ്, ട്യൂബ് ലൈറ്റ് | 2033 | 22000/26.2.18 | ഉപവൗച്ചറുകൾ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചേർത്തിട്ടില്ല | ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 7 | 21700765/ 01.02.18 | വസ്തു നികുതി പിരിവ്- ഫ്ലക്സ് ബോർഡ് സ്ഥാപിക്കൽ | 10000 | 21989/01.02.18 | ക്വട്ടേഷൻ വിശദാംശങ്ങളില്ല | ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| 8 | 21700766/ 02.02.18 | പെട്രോൾ/ഡീസൽ ചാർജ്ജ് | 8215 | 21961/01.02.18 | 01.01.2018-ലെ വാങ്ങലുകൾക്ക് ഇൻഡന്റ് നൽകിയിട്ടില്ല (Amount Rs. 6874 + 1250) ആധികാരികതയില്ല | ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. |
| ആകെ | | | 297340 | | | |

റിമാർക്സ് കോളത്തിൽ പറഞ്ഞിട്ടുള്ള അപാകതകൾ മൂലം 297340 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ദിവസവേതനാടിസ്ഥാന നിയമനം ക്രമപ്രകാരമല്ല

സ.ഉ.(പി) നം 189/2000/എൽഎസ്ജിഡി തീയതി 4-7-2000, സർക്കുലർ നം 79865/ഇപിഎ1/08/തസ്വഭവ തീയതി 2-03-2009 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി താത്ക്കാലിക വേതനത്തിൽ ഒരാൾക്ക് പ്രതിവർഷം 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതും ഓരോ വർഷവും പുതിയ സംഘം ആളുകളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം പൂർണ്ണമായും ദിവസവേതനാടിസ്ഥാനത്തിൽ ഷീബ എ.ജി എന്ന ജീവനക്കാരിയെ ഡേറ്റാ എൻട്രി ഓപ്പറേറ്ററായി നിയമിച്ചിരുന്നു. ഇവർ 2017 ജനുവരി മുതൽ ഗ്രാമപഞ്ചായത്തിൽ തുടർന്നു വരുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി 100 ദിവസത്തിലധികം കാലയളവിലേക്ക് നിയമനം നടത്തിയതു മൂലം അധികം തുക നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അടിയന്തിരപ്രാധാന്യമുള്ള ജോലികൾ സമയബന്ധിതമായി ചെയ്ത് തീർപ്പാക്കേണ്ടതുള്ളതിനാൽ പുതിയ ആളെ നിയമിച്ച് പരിശീലനം നൽകുക അപ്രായോഗികമാണെന്ന് സെക്രട്ടറി മറുപടി നൽകി. ഗ്രാമപഞ്ചായത്തിൽ തസ്തിക ഒഴിവില്ലാതെ, ഒരുവർഷക്കാലം (നിലവിലും ടിയാളുകൾ തുടരുന്നു) പ്രത്യേകമായി ജോലികൾ നിർണ്ണയിച്ച് നൽകാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 ശരിയായ അന്വേഷണമില്ലാതെ കടത്തുകാരനെ നിയമിച്ചത്-ക്രമ പ്രകാരമല്ല

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ അതിര് പങ്കിടുന്ന ഏറ്റുമാനൂർ നഗരസഭയുടെ 13-ാം വാർഡിൽ നിലവിലുള്ള പായിക്കാട്ട് കടവിൽ 31.03.2017 വരെ പൊതുമരാമത്ത് വകുപ്പിലെ സ്ഥിരം ജീവനക്കാരനാണ് കടത്ത് നടത്തിയിരുന്നത്. എന്നാൽ ഇയാൾ സേവനത്തിൽ നിന്നും 31.3.2017 ൽ വിരമിക്കുന്നതിനെ തുടർന്ന് കടത്ത് നടത്തുന്നതിന്റെ ചുമതല ഏറ്റുമാനൂർ നഗരസഭയ്ക്കാണെന്ന് നഗരസഭ സെക്രട്ടറിയെ 13.03.2017 ലെ ഇ2-2/2004-ാം നമ്പർ കത്ത് മുഖേന പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. ഏറ്റുമാനൂർ നഗരസഭയിൽ അന്വേഷിച്ചതിൽ നിലവിലുള്ള സാഹചര്യത്തിൽ ഒരു കടത്ത് വള്ളത്തിന്റെ ആവശ്യകത ഈ കടവിൽ ഇല്ലെന്നുള്ള വസ്തുത നഗരസഭ പൊതുമരാമത്ത് വകുപ്പിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട് എന്ന് അറിവായി. എന്നാൽ അയർക്കുന്നം പഞ്ചായത്ത് കടവിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും 500/- രൂപ പ്രതിദിന വേതനത്തിൽ സുനിൽ കുമാർ തയ്യിൽ എന്നയാളെ കടത്തുകാരനായി നിയമിച്ച് 2017-18

വർഷം വിവിധ വൗച്ചറുകളിലായി 167000/- രൂപ നൽകുകയും ചെയ്തു. എന്നാൽ 20.2.2015-ലെ സർക്കാർ ഉത്തരവ് (MS) നം. 18/2015/പൊ.ഭ.വ പ്രകാരം കടത്തുകാരന്റെ വേതനം പൊതുമരാമത്ത് വകുപ്പിന്റെ ശമ്പളശീർഷകമായ 2054 ൽ നിന്നും പഞ്ചായത്തിന് ലഭ്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം തുക ലഭിയ്ക്കാതെയാണ് കടത്തുകാരന് വേതനം നൽകിയിട്ടുള്ളത്.

മാത്രമല്ല ഫയൽ പ്രകാരം 2 കടത്തുകാരുടെ ക്വട്ടേഷൻ ലഭിച്ചതിൽ ബിനീഷ് രാമചന്ദ്രൻ എന്നയാൾ പ്രതിദിനം 300/- രൂപയും (28/03/2017 ലെ 10-ാം നമ്പർ തീരുമാനം; എന്നാൽ ക്വട്ടേഷൻ ലഭ്യമല്ല). സുനിൽ കുമാർ തയ്യിൽ എന്നയാൾ പ്രതിദിനം 500/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ കുറഞ്ഞ ക്വട്ടേഷൻ നിരസിച്ചതിന് കാരണം 20-ാം വാർഡ് മെമ്പർ, കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വ്യക്തിക്ക് നീന്തൽ പരിചയം ഇല്ല എന്ന് ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചതാണ്. ഇപ്രകാരം ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയണമെങ്കിൽ ക്വാളിഫിക്കേഷനും വ്യവസ്ഥകളും ചൂണ്ടികാണിച്ച് ക്വട്ടേഷൻ പ്രസിദ്ധീകരിയ്ക്കേണ്ടിയിരുന്നു. അപ്രകാരം ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിക്ക് നീന്തൽ പരിചയം ഇല്ലെന്നോ കൂടിയ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ. സുനിൽ കുമാറിന് നീന്തൽ പരിചയം ഉണ്ടെന്നോ തെളിയിക്കാൻ പര്യാപ്തമായ രേഖകളും ഫയലിലില്ല. കൂടാതെ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കടത്തിന് ഉപയോഗിക്കുന്ന വള്ളം മതിയായ സുരക്ഷാസംവിധാനങ്ങളില്ലാതെയും ജീർണ്ണാവസ്ഥയിലുമുള്ളതാണെന്ന് ബോധ്യപ്പെട്ടു. കരാറുകാരനല്ലാത്ത ശശികുമാർ എന്നയാളാണ് പരിശോധനാ സമയത്ത് കടത്തുകാരനായി ഉണ്ടായിരുന്നത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത കടവ് ഏറ്റെടുത്തതിലും കടത്തുകാരനെ നിയമിച്ചതിലും അപാകതകൾ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും 167000/- രൂപ വസൂലാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കേണ്ടതും ഓഡിറ്റ് നിരീക്ഷണങ്ങൾക്കനുസൃതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 167000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>മഴക്കാല പൂർവ്വ ശുചീകരണം - പണം കൈമാറിയതിലും നിർവഹണത്തിലും അപാകതകൾ</u>

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ ചെക്കുകളിലായി 164669/- രൂപ 2017-18വർഷം ചെലവഴിച്ചിട്ടുണ്ട്. വാർഡ് തല ശുചിത്വ സമിതി അതാത് വാർഡ് ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് തുക നല്കുന്നതിന് പകരം അയർക്കുന്നം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ 983-ാം നമ്പരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള ചെക്കുകൾ സെക്രട്ടറി ക്രോസ് ചെയ്യാതെ നൽകുകയാണ് ചെയ്തിട്ടുള്ളത്. കൺവീനർമാരായ ആരോഗ്യ വിഭാഗം ജീവനക്കാരിൽ നിന്നും ഒപ്പുവാങ്ങി ചെയർമാൻമാരായ വാർഡ്

മെമ്പർമാർ സെക്രട്ടറി നല്കിയ ക്രോസ് ചെയ്യാത്ത ചെക്ക് പണമാക്കിയിട്ടുള്ളതായി അയർക്കുന്നം പഞ്ചായത്തിലെ സി.എച്ച്.സി ആരോഗ്യവിഭാഗം ജീവനക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

കൂടാതെ പദ്ധതി രേഖകൾ തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തുന്നില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് 11-ാം വാർഡിൽ 8 വ്യക്തികൾ (4 പുരു. 4 സ്ത്രീ) 5 ദിവസം വീതം ജോലി ചെയ്തതിന് നമ്പരോ മാസമോ മറ്റ് വിവരങ്ങളോ ചേർക്കാത്ത മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ, 23803/16.06.2017-ാം നമ്പർ ചെക്ക് മുഖാന്തിരം 5600/- രൂപ 2017-18 വർഷം ചെലവഴിച്ചു. മേൽ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ മഴക്കാലപൂർവ്വ ശുചീകരണം എന്നത് കേവലം ഫണ്ട് കൈമാറൽ മാത്രമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-5 വാഹനപരിപാലനം - അപാകതകൾ

അയർക്കുന്നം ഗ്രാമപഞ്ചായത്ത് വക കെ എൽ5-എഡി 8120 നമ്പർ ബൊലേറൊ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ ഇന്ധനക്ഷമത വാഹനത്തിലുപയോഗിച്ചിരിക്കുന്ന ഇന്ധനവുമായി പൊരുത്തപ്പെടുന്നില്ല. ഉദാ. ലോഗ് ബുക്ക് പേജ് 144 പ്രകാരം 16.03.17ൽ 42ലിറ്റർ പെട്രോൾ നിറയ്ക്കുമ്പോൾ റീഡിംഗ് 105691കി.മീ. ആയിരുന്നു. 30.03.17ൽ പേജ് 143പ്രകാരം 106348കി.മീ. നിൽക്കുമ്പോൾ 45ലിറ്റർ ഇന്ധനം നിറച്ചു. 16.03.17ൽ 42 ലിറ്റർ നിറച്ചപ്പോൾ വാഹനത്തിൻെറ ഇന്ധന ടാങ്ക് നിറഞ്ഞു (60 ലിറ്റർ) എന്ന് കരുതിയാൽ മൈലേജ് പ്രകാരം 660കി.മീ. (11X60) ആണ് ഓടാൻ കഴിയുക. എന്നാൽ 30.03.17ൽ ഇന്ധനം നിറക്കുന്നതിന് മുമ്പ് 45ലിറ്റർ കൊണ്ട് 45X11=495kmആണ് ഓടാൻ കഴിയുക. എന്നാൽ 747 കി.മീ. ഓടിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്ധനം നിറയ്ക്കുന്നതുമായി ബന്ധപ്പെട്ട ലോഗ് ബുക്കിൻെറ ഒന്നു മുതൽ മൂന്ന് വരെയുള്ള കോളങ്ങൾ പൂർണ്ണവുമല്ല. ഇൻഡന്റ് ഒപ്പിട്ട് നൽകിയിരിക്കുന്നത് ഡ്രൈവറാണ് എന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയെ സൂചിപ്പിക്കുന്നു. ഉദാ. ഇൻഡന്റ് നം.32411/07.03.17, 32412/16.03.17, 32413/30.03.17. വാഹനം ഓടിയതിന് ലോഗ് ബുക്കിൽ കി.മീ. രേഖപ്പെടുത്തിയിരിക്കുന്നതും വിശ്വാസ യോഗ്യമല്ല. 04.04.17ൽ 20 കി.മീ. (രണ്ടുവശത്തേക്കും) അകലെയുള്ള ഡിഡിപി ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് അനീഷ് പോയി വന്നതിന് 35 കി മീ രേഖപ്പെടുത്തിയിരിക്കുന്നു. 11.04.17ൽ ഓഫീസ് അറ്റൻഡന്റ് മുത്തു 1 കി.മീ. താഴെയുള്ള അയർക്കുന്നം ട്രഷറിയിൽ പോയതിന് 52 കി.മീ. ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതേ ട്രഷറിയിൽ ജൂനിയർ സൂപ്രണ്ട് പോയതിന് 35Km(02.05.17)ഉം അക്കൗണ്ടന്റ് പോയതിന് 40Km (03.05.17)ഉം

രേഖപ്പെടുത്തിയിരിക്കുന്നു. 20.10.17 മുതൽ 03.02.18വരെയുള്ള (പേജ് 235-278) രേഖപ്പെടുത്തലുകൾ അപൂർണ്ണവും കൺട്രോളിംഗ് ഓഫീസർ, വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ എന്നിവർ സാക്ഷ്യപ്പെടുത്താത്ത രീതിയിലുമാണ്. 03.02.2018ന് ശേഷമുള്ള ലോഗ് ബുക്ക് രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും ഡ്രൈവർ ശ്രീ. ശ്രീകുമാർ ആയത് ഹാജരാക്കിയിട്ടില്ലെന്നും ഇന്ധന ഇൻഡന്റ് വ്യാജമായി നിർമ്മിച്ച് ക്രമക്കേടുകൾ നടത്തിയത് കണ്ടെത്തിയതിൻെറ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്തെന്നും ആയത് പോലീസ് കേസിൽ എത്തിനിൽക്കുകയാണെന്നും സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് 23.01.2019ൽ 33-ാം നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ താഴെ പ്രതിപാദിക്കും പ്രകാരം വിവരങ്ങൾ ചേർക്കുന്നു.

അയർക്കുന്നം ഗ്രാമപഞ്ചായത്ത് വക കെ എൽ5-എഡി 8120 നമ്പർ ബൊലേറൊ ജീപ്പിന്റെ ഡ്രൈവറായി ശ്രീ വി ഡി ശ്രീകുമാർ 24/11/2017 ൽ ചാർജെടുത്തു. മെയ് മാസത്തിൽ ഡീസൽ നിറച്ചതിന് അയർക്കുന്നം പെട്രോളിയം ഏജൻസിയുടെ പമ്പിൽനിന്നുള്ള ബിൽ 07/06/2018 ൽ പഞ്ചായത്തിൽ ഹാജരാക്കിയപ്പോൾ ബില്ലിൽ മുൻമാസങ്ങളിലേതിനേക്കാൾ കൂടുതലായി ഡീസൽ നിറച്ചതായി ബോധ്യപ്പെട്ടതിനെ തുടർന്ന് ലോഗ്ബുക്ക് ഹാജരാക്കുന്നതിന് സെക്രട്ടറി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. 27/06/2018 മുതൽ ശ്രീ വി ഡി ശ്രീകുമാർ അവധിയിലാണ്.

02/07/2018 ൽ ലോഗ്ബുക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നല്കിയ കത്ത് ശ്രീ വി ഡി ശ്രീകുമാർ കൈപ്പറ്റിയിട്ടുണ്ട്. 06/07/2018 ന് ലോഗ്ബുക്ക് 3 ദിവസത്തിനകം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി നോട്ടീസ് നൽകി.

02/07/2018 ൽ സെക്ഷൻ ക്ലർക്കായ ശ്രീ സുരേഷ്കുമാർ കെ സി, തന്റെ അറിവോ സമ്മതമോ കൂടാതെ ശ്രീകുമാർ വി ഡി ഇൻഡന്റ് എടുത്തിട്ടുള്ളതാണെന്ന് സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ട്. കൂടാതെ, ജൂനിയർ സൂപ്രണ്ട് ശ്രീമതി സീനത്ത് കെ, തന്റെ വ്യാജ ഒപ്പിട്ടാണ് മെയ്, ജൂൺ മാസങ്ങളിൽ പല ഇൻഡന്റുകളും കൊടുത്തിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ രേഖാമൂലം 05/07/2018 ൽ അറിയിച്ചിട്ടുള്ളതുമാകുന്നു.

പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും മറുപടി ലഭിക്കാത്തതിനാൽ 18/07/2018 ൽ വീണ്ടും പരാതി നൽകുകയുണ്ടായി. 20/08/2018 ൽ ബഹു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീകുമാറിനെ സസ്പെന്റ് ചെയ്തു. ആയത് 11/09/2018 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന അംഗീകരിക്കുകയുമുണ്ടായി. 12/10/2018 തീയതി ശ്രീകുമാറിന് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതും ആയതിന് യാതൊരു മറുപടിയും ലഭ്യമായിട്ടില്ലാത്തതുമാണ്.

അയർക്കുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 998/18 420,465,34 കത്ത് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും അന്വേഷണം നടന്നുവരുന്നതായും ബാദ്ധ്യത നിശ്ചയിച്ച് കൊടുക്കണമെന്നും ആവശ്യപ്പെട്ട് 12/12/2018ൽ ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
ഈ സാഹചര്യത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ചയും ഉപരി പരിശോധനയുടെ അഭാവവും ക്രമക്കേടുകൾക്ക് കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണവും കേസുമായി ബന്ധപ്പെട്ട നാളിതുവരെയുള്ള വിവരങ്ങളും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-6 സംയുക്ത പദ്ധതികൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഫണ്ട് കൈമാറൽ സംബന്ധിച്ച് സർക്കാർ 23-1-2017 ൽ 7/2017 നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ഫണ്ട് നൽകുന്ന സ്ഥാപനം സെപ്റ്റംബർ 30 ന് മുൻപ് തുക കൈമാറേണ്ടതും കൈപ്പറ്റിയ സ്ഥാപനം പ്രോജക്ട് റിവ്യൂ ചെയ്ത് സാമ്പത്തിക വർഷം ചെലവാകില്ലെന്ന് ഉറപ്പുള്ള തുക ഫെബ്രുവരിയിൽ തിരികെ നൽകേണ്ടതുമാണ്. കൈപ്പറ്റിയ സ്ഥാപനം മർച്ചിൽ ചെലവ് ചെയ്ത് ബാങ്ക് റിക്കൺസിലിയേഷൻ നടത്തി ബാക്കി തുക സർക്കാരിലേക്ക് അടയ്ക്കേണ്ടതുമാണ്.

പ്രോജക്ട് നം 225/18 പനച്ചിത്താംകുന്ന് കുടിവെള്ള പദ്ധതി, പ്രോജക്ട് നം. 233/18 വല്യേലിൽ കുടിവെള്ള പദ്ധതി എന്നിവയ്ക്കായി 2.5 ലക്ഷം രൂപ പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. സൂചിത ഉത്തരവിന് വിരുദ്ധമായി ഫണ്ട് ട്രാൻസ്ഫർ നടന്നിട്ടുള്ളത് നവംബർ മാസത്തിലാണ്. നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം ഈ തുക ചെലവായതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5 തീയതി. 15.1.2019) വല്യേലിൽ കുടിവെള്ള പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും പനച്ചിത്താംകുന്ന് കുടിവെള്ള പദ്ധതിക്ക് നല്കിയ തുക വിനിയോഗിക്കുന്നതാണ് എന്നുള്ള പള്ളം ബ്ലോക്ക് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ഫണ്ട് കൈമാറുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും ഉണ്ടായ വീഴ്ചകൾ പരിഹരിക്കുകയും തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-7 കൃത്യമായ മൂല്യ നിർണ്ണയം ഇല്ലാതെ തുക നല്കി -ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ്, 100/2018 |

| | |
|---|---|
| അടങ്കൽ | 700000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| കരാറുകാരൻ സമർപ്പിച്ച ബിൽ വിവരം | 001/0506/2017 തീ 7/6/17 353175/-<br>001/0506/2017 തീ 7/6/17 183600/-<br>001/0506/2017 തീ 7/6/17 223550/-<br>ആകെ 760325/- |
| ചെലവ് വിവരം | 200000/-(ചെക്ക് നം23101തീ20-7-2017)<br>183600/-(ചെക്ക് നം2739754തീ18-11-2017)<br>99497/-( ചെക്ക് നം22341തീ16-1-2018)<br>ആകെ 483097/- |

2016-17 വാർഷിക പദ്ധതിയിൽ 68/2017 നമ്പരായി ആസൂത്രണം ചെയ്തതാണ് സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് എന്ന പ്രോജക്ട്. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തി ഒബാർ ഓയിൽ ഫീൽഡ് സർവ്വീസസ് എന്ന കമ്പനിക്ക് വേണ്ടി ശിവദാസൻ പിള്ള എന്നയാൾ 595000/-രൂപക്ക് (ഒന്നിന് 425/- രൂപ നിരക്കിൽ 1400ന്) ഏറ്റെടുത്ത് 22/2016-17 തീ 3-2-2017 നമ്പരായി കരാർ വച്ചിട്ടുണ്ട്. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം കരാറുകാരൻ ചെയ്യേണ്ടത് പഞ്ചായത്തിലെ 20 വാർഡുകളിൽ നിലവിലുള്ള 1400 സി.എഫ്.എൽ ലൈറ്റുകളിൽ കേടായവ നന്നാക്കിയും ഉപയോഗരഹിതമായവ മാറ്റി പുതിയത് സ്ഥാപിച്ചും 1 വർഷം പ്രകാശിപ്പിക്കുക എന്നുള്ളതായിരുന്നു. കെ.എസ്.ഇ.ബിയുടെ മേൽനോട്ടം ഉറപ്പാക്കേണ്ടത് കരാറുകാരനാണ്. കെ.എസ്.ഇ.ബി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ വാർഡ് മെമ്പർ എന്നിവരുൾപ്പെട്ട സമിതി നിശ്ചിത ഫാറത്തിൽ നല്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നലകുക എന്നാണ് വ്യവസ്ഥ.

എന്നാൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക നല്കിയിട്ടുള്ളത്.27/12/2017 ലെ 1/2 നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം, കരാർ വ്യവസ്ഥ പാലിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടെന്നും വിശദീകരണം കേട്ട ശേഷം കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. തുടർന്ന് 4-1-2018 ലെ തീരുമാനപ്രകാരം തൽക്കാലം കരിമ്പട്ടികയിൽ പെടുത്തേണ്ടതില്ലെന്നും വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കിയ ബില്ല് പ്രകാരമുള്ള തുക കരാറുകാരന് നല്കുന്നതിനും തീരുമാനിച്ചു.

കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ച സമയത്ത് 2/2/18 ലെ 1/1 നമ്പർ തീരുമാന പ്രകാരം വിഷയം കമ്മിറ്റിയിൽ ചർച്ച ചെയ്തതിൽ കരാറുകാരൻ പ്രവൃത്തി നിർവ്വഹണത്തിൽ വൻ വീഴ്ച വരുത്തിയെന്നും കരാറുകാരൻ തന്നെ ബില്ലിൽ മെമ്പർമാർ ഒപ്പിട്ടതിന് ശേഷം എണ്ണം എഴുതിച്ചേർത്തതായി ആരോപണമുണ്ടായതായും കാണുന്നു. തുടർന്ന് 20 വാർഡിലെ മെമ്പർമാർ നൽകുന്ന കംപ്ലീഷൻ സർട്ടിഫിക്കറ്റും കെ.എസ്.ഇ.ബിയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ച ശേഷം ബാക്കി തുക നല്കിയാൽ മതിയെന്ന് തീരുമാനിക്കുകയും ഫൈനൽ ബിൽ തടസ്സത്തിൽ വച്ചിരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

സ്ട്രീറ്റ് ലൈറ്റ് പണി നടക്കുമ്പോൾ കെ.എസ്.ഇ.ബി യിൽ വിവരമറിയിച്ച് അവരുടെ സൂപ്പർ വിഷനിൽ മാത്രം പണി നടത്തണമെന്നിരിക്കെ, സൂപ്പർവിഷൻ ചാർജ് അടക്കാത്തതു മൂലം ലൈൻ ഓഫ് ചെയ്തു നല്കുക മാത്രമാണ് കെ.എസ്.ഇ.ബി ചെയ്തതെന്നും ആയതിനാൽ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് നല്കാൻ കഴിയില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

സാങ്കേതിക സഹായം ആവശ്യമുള്ള മേഖലയിൽ സൂപ്പർവിഷൻ ചാർജ് അടച്ച് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രവൃത്തി ചെയ്തിരുന്നു എങ്കിൽ മേൽ അപാകത ഉണ്ടാകാതെ സ്ഥാപിച്ച വിളക്കുകളുടെ കൃത്യമായ എണ്ണം ലഭിക്കുമായിരുന്നു. കൂടാതെ വാർഡ് മെമ്പർമാർ നല്കിയ സാക്ഷ്യപത്രം സംബന്ധിച്ച് അവർ തന്നെ ആക്ഷേപം ഉന്നയിക്കുന്നതിനാൽ കൃത്യമായ മോണിറ്ററിംഗ് ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല എന്നും നല്കിയ തുക കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല എന്നും വിലയിരുത്തുന്നു. അപാകതയ്ക്കു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. പ്രവൃത്തി വിദഗ്ദ്ധ സഹായത്തോടെ മൂല്യനിർണ്ണയം നടത്തി പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നതിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്. മേൽ കാരണങ്ങളാൽ പ്രോജക്ടിനായുള്ള 483097/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 എസ് എസ് എ പഞ്ചായത്ത് വിഹിതം-പ്രവർത്തന വിവരങ്ങൾ ലഭ്യമല്ല

അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.108/18 മുഖേന 2017-18വർഷം 687926/- രൂപ എസ് എസ് എ വിഹിതമായി നൽകിയിട്ടുണ്ട്. അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് വിവിധ പ്രവർത്തനങ്ങൾക്കായി എസ് എസ് എ കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസർ വകയിരുത്തിയിട്ടുള്ള 1719815/-രൂപയുടെ 40% തദ്ദേശ സ്ഥാപന വിഹിതമായ 687926/- രൂപയാണ് എസ് എസ് എ വിഹിതം പ്രോജക്ട് മുഖേന നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത് എന്നുള്ള വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/21.01.2019) തദ്ദേശ സ്ഥാപന വിഹിതം കൈപ്പറ്റിയതിൻെറ കൈപ്പറ്റ് രസീതും തുക ചെലവഴിച്ചതിൻെറ വിനിയോഗ സാക്ഷ്യപത്രവും മാത്രമാണ് എസ് എസ് എ-യിൽ നിന്നും ലഭ്യമായിട്ടുള്ളതെന്നും പ്രസ്തുത തുക ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത് എന്ന വിവരം ലഭ്യമായിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അതാത് പഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി എസ് എസ് എ-ക്ക് നൽകിയ വിഹിതം യഥാർത്ഥത്തിൽ പഞ്ചായത്തിലെ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടോയെന്നും ഏതൊക്കെ പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിച്ചതെന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 പട്ടികവർഗ്ഗ കുടുംബത്തിന് വാട്ടർടാങ്ക് വിതരണം-വികസനഫണ്ടിൽ നിന്നും തുക അധികമായി ചെലവഴിച്ചു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം | 232/18 |
| ചെലവ് | 12580 രൂപ (വികസന ഫണ്ട് ടി.എസ്.പി) |
| | (ബിൽ നം – 11/26.03.18) |

മേൽ പ്രോജക്ട് പ്രകാരം 3145 രൂപ യൂണിറ്റ് വിലയുള്ള നാല് ടാങ്കുകൾ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)80/2017തസ്വഭവ, തീയതി.03.04.2017 പ്രകാരം 75% തുക മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ ആകെ ചെലവ് തുകയായ 12580 രൂപയും (3145രൂപ x 4 ) വികസന ഫണ്ടിൽ നിന്നുമാണ്

ചെലവഴിച്ചിരിക്കുന്നത്. 4 ഗുണഭോക്താക്കളിൽ നിന്നുമായി 875 രൂപ വീതം (875 x 4 = 3500) ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ടെങ്കിലും ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗുണഭോക്തൃവിഹിതം സർക്കാരിലേയ്ക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-10 കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ - പ്രോജക്ട് പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

1. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

| | |
|---|---|
| പ്രോജക്ട് നം | 91/18 |
| ചെലവ് | 144608 രൂപ ( വികസന ഫണ്ട് (പൊതു))<br>(ബിൽ നം -11/18/25-01-18 – 120000 രൂപ<br>ബിൽ നം -21/18/28-03-18 – 24608 രൂപ) |

നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിൽ കേരളാ ഭൂവിനിയോഗ ബോർഡിന് തുക കൈമാറിയെങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല. ഭൂവിനിയോഗ ബോർഡിന്റെ സർവ്വേ പൂർത്തിയായെങ്കിലും പഞ്ചായത്ത് തലത്തിൽ നടത്തേണ്ട സാമ്പത്തിക സാമൂഹിക സർവ്വേ പൂർത്തീകരിക്കാത്തതിനാൽ 2018-19 ലും സ്പിൽ ഓവർ പ്രോജക്ടായി പ്രവർത്തനം തുടരുന്നു. മാസ്റ്റർ പ്ലാൻ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

2. മാതൃകാ തേനീച്ചത്തോട്ട പ്രദർശനവും കൃഷിയിട പള്ളിക്കൂടവും

| | |
|---|---|
| പ്രോജക്ട് നം | 92/18 |
| ചെലവ് | 55,500 രൂപ ( വികസന ഫണ്ട് (പൊതു))<br>(ബിൽ നം -16/18/9-03-18 – 55500 രൂപ) |

15 കർഷകരടങ്ങുന്ന സംഘം രൂപീകരിച്ച് ഹോർട്ടികോർപ്പ് വഴി പരിശീലനം നൽകി മാതൃകത്തോട്ട നിർമ്മാണവും തേൻ സൊസൈറ്റി രൂപീകരണവും ആണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പരിശീലന പരിപാടികൾ 2018-19 ലും തുടരുന്നു. പരിശീലന പരിപാടികൾ പൂർത്തിയാക്കി തുടർപ്രവർത്തനം നടപ്പാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 സമ്പൂർണ്ണ ഭവന പദ്ധതി - പൂർത്തീകരണ വിവരം

<u>ലഭ്യമാക്കേണ്ടതാണ്</u>

വി.ഇ.ഓ നിർവഹണോദ്യോഗസ്ഥനായി അയർക്കുന്നം പഞ്ചായത്തിൽ 2014-15 മുതൽ നടപ്പാക്കി വരുന്ന സമ്പൂർണ്ണ ഭവന പദ്ധതി എന്ന പ്രോജക്ടിൽ 119 ഗുണഭോക്താക്കൾ പൊതുവിഭാഗത്തിൽ കരാറിൽ ഏർപ്പെട്ടിരുന്നു. ആയതിൽ ചുവടെ പേര് ചേർത്തിരിക്കുന്ന അഞ്ച് ഗുണഭോക്താക്കൾ കൂടി ഭവന നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കരാറിൽ ഏർപ്പെട്ട തീയതി | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | കമലമ്മ കെ.ആർ, കുന്നംപുറത്ത് തിരുവഞ്ചൂർ | 01/02/16 | 80000 | 120000 |
| 2 | ജയിംസ് പി.വി, പുറകോട്ടിൽ, അയർക്കുന്നം | 01/02/17 | 80000 | 120000 |
| 3 | പ്രകാശ് പി.പി, പനയംകുഴി, തിരുവഞ്ചൂർ | 13/03/17 | 80000 | 120000 |
| 4 | മോഹിനി ബാബുരാജ് കൊല്ലംപറമ്പിൽ അമയന്നൂർ | 22/09/15 | 80000 | 120000 |
| 5 | കെ.സി.ജോസഫ് ഉടുമ്പനാട്ട് കരോട്ട് | 28/01/15 | 160000 | 40000 |

ഭവനപൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-12 കൺവീനർക്ക് അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | കറ്റവീട്ടിൽ – പയറ്റുകുഴി റോഡ് പുനരുദ്ധാരണം<br>192/2018 |
| അടങ്കൽ | 47381/- വികസനഫണ്ട്<br>61513/-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>206106/- തനത് ഫണ്ട്<br>ആകെ 315000/-രൂപ |
| കൺവീനർ | സാബുജോസഫ് |
| കരാർ നം./തീയതി | 101/AE/LSGD/AKM/16-17<br>തീ 29-03-2017 |
| ചെലവ് | കൺവീനർക്ക് നല്കിയത് (SBI-57043656368)<br>61513/-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>22768/-വികസനഫണ്ട്<br>290387/-തനത് ഫണ്ട്<br>ആകെ കൺവീനർക്ക് 374668/- രൂപ നല്കി കൂടാതെ<br>വാറ്റ് 15383/-,<br>ഐ.റ്റി 6153/-,<br>വെൽഫയർഫണ്ട് 3077/-<br>ആകെ ചെലവ് 399281/- |

| | |
|---|---|
| | |

മേൽ പരാമർശിച്ച പ്രവൃത്തിക്ക് തനത് ഫണ്ടിൽ നിന്നും ലഭിച്ചത് 206106/- രൂപ മാത്രമാണെങ്കിലും ആയത് പരിഗണിക്കാതെ 290387/-രൂപ കൺവീനർക്ക് മേൽ പരാമർശിച്ച അക്കൗണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. (വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും നല്കിയ തുക പരിഗണിക്കാതെ വേലമൂല്യത്തിൽ നിന്നും നികുതി കുറച്ച് ഉള്ള തുകയാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നല്കിയത്).

| നല്കാവുന്ന തുക | | നല്കിയ തുക | |
|---|---|---|---|
| വേലമൂല്യം | 307669 | വേലമൂല്യം | 307669 |
| കുറക്കുക വാറ്റ് 5% | 15383 | വാറ്റ് 5%(+) | 15383 |
| ഐ.റ്റി 2% | 6153 | ഐ.റ്റി 2% | -- |
| വെൽഫയർ ഫണ്ട് 1% | 3077 | വെൽഫയർ ഫണ്ട് 1%(+) | 3077 |
| നീക്കി ബാക്കി | 283056/- | ആകെ | 326129/- |
| | | എസ്റ്റിമേറ്റ് തുകയിൽ നിജപ്പെടുത്തി | 315000 |
| | | വാറ്റ് 5%(-) | 15383 |
| | | ഐ.റ്റി 2%(-) | 6153 |
| | | വെൽഫയർ ഫണ്ട് 1%(-) | 3077 |
| | | നീക്കിബാക്കി (തനത് ഫണ്ട്)<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>വികസനഫണ്ട്<br>ആകെ | 290387<br>61513/-<br>22768/-<br>374668/- |

| | | | |
|---|---|---|---|
| | | | |

കൺവീനർക്ക് നികുതി കിഴിച്ച് 283056/- രൂപയ്ക്ക് അർഹതയുണ്ടെന്നിരിക്കെ 374668/- രൂപ നല്കിയതു മൂലം 91612/- രൂപ അധികം നൽകാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 26/21.1.19) ക്ലറിക്കൽ അപാകതയാണെന്നും തുക കൺവീനറിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അസി. എഞ്ചിനീയർ മറുപടി നൽകി. തുക ഈടാക്കി വിവരം അറിയിക്കാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-13 ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രവൃത്തികളിൽ തൊഴിലാളി ക്ഷേമനിധി,വിവിധ നികുതികൾ എന്നിവയിൽ ഇരട്ടിപ്പ്- പഞ്ചായത്തിന് ധനനഷ്ടം

2017-18 വർഷം ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരം7.5% തുക ഓവർഹെഡ്ചാർജ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ നിർബന്ധിതമായും അടക്കേണ്ട നികുതി ഇനങ്ങൾക്കും തൊഴിലാളി ക്ഷേമനിധിക്കും വേണ്ടിയാണ് വകയിരുത്തലെന്ന് സർക്കാർ വിവിധ ഘട്ടങ്ങളിൽ വിശദമാക്കിയിട്ടുള്ളതാണ്. ഇതു പരിഗണിക്കാതെ തൊഴിലാളി ക്ഷേമനിധിവിഹിതം വേലമൂല്യത്തോടൊപ്പം കൂട്ടുകയും കൺവീനർക്ക് തുക നല്കുമ്പോൾ ഈ തുക കുറവു ചെയ്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ഇതു മൂലം ഈ ചെലവിൽ പഞ്ചായത്തിന് ഇരട്ടിപ്പ് വരുകയും കൺവീനർക്ക് അർഹതയില്ലാത്ത തുക നല്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രവൃത്തി വിശദാംശങ്ങൾ | കൺവീനർക്ക് അധികം നല്കിയ തുക എസ്റ്റിമേറ്റിൽ വകയിരുത്തിയതിന് പുറമേ വേലമൂല്യത്തോടൊപ്പം കൂട്ടി നല്കിയത് |
|---|---|---|
| 1 | പ്രോജക്ട്/പ്രോജക്ട് നമ്പർ-കുമാരി ക്ഷേമകേന്ദ്രം മെയിന്റനൻസ്, | വേലമൂല്യം 191467/-<br>തൊഴിലാളി ക്ഷേമനിധി 1915/- |

| | | |
|---|---|---|
| | 185/17-18<br>അടങ്കൽ -200000/- വികസനഫണ്ട്<br>കൺവീനർ -എബിൻമാത്യു<br>കൺവീനർക്ക് നല്കിയ തുക 178065/-(SBI 37300609723) | ആകെ 193382/-<br>കുറക്കുക<br>വാറ്റ് 9573<br>ഐ.റ്റി 3829<br>തൊഴിലാളി ക്ഷേമനിധി 1915/-<br>ആകെ 15317<br>കൺവീനർക്ക് നല്കിയ തുക 178065/-<br>അധികം നല്കിയത് -1915/- |
| 2 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ- പഞ്ചായത്ത് ബസ്റ്റാന്റ് അടിസ്ഥാനസൗകര്യം,184/17-18<br>അടങ്കൽ -200000/- തനത്ഫണ്ട് 29950/- വികസനഫണ്ട്<br>കൺവീനർ ഒ.റ്റി വർക്കി<br>കൺവീനർക്ക് നല്കിയ തുക 426770 അക്കൗണ്ടിൽ നല്കി | വേലമൂല്യം 439969/-<br>തൊഴിലാളി ക്ഷേമനിധി 4400/-<br>ആകെ 444369/-<br>കുറക്കുക<br>ഐ.റ്റി 8799/-<br>തൊഴിലാളി ക്ഷേമനിധി 4400/-<br>ആകെ 13199<br>കൺവീനർക്ക് നല്കിയ തുക 426770/-<br>അധികം നല്കിയത് -4400/- |
| 3 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ-ചപ്പാത്ത് പുതുപ്പള്ളി കുന്ന് റോഡ്,171/17-18<br>കൺവീനർ- എബ്രഹാം എൻ ഫിലിപ്പ് | വേലമൂല്യം 157783/-<br>തൊഴിലാളി ക്ഷേമനിധി 1578/-<br>ആകെ 159361/-<br>കുറക്കുക<br>ഐ.റ്റി 3156<br>തൊഴിലാളി ക്ഷേമനിധി 1578/-<br>ആകെ 4734<br>കൺവീനർക്ക് നല്കിയ തുക 154627/- |

| | | |
|---|---|---|
| | കൺവീനർക്ക് നല്കിയ തുക 154627/-(CNRB3870101006425) | അധികം നല്കിയത് -1578/- |
| 4 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ-തോട്ടാറ്റിൽ പടി-ചക്കും മൂട് റോഡ്, 189/17-18 | വേലമൂല്യം 98041/-<br>തൊഴിലാളി ക്ഷേമനിധി 980/-<br>ആകെ 99021/-<br>കുറക്കുക<br>ഐ.റ്റി 1961<br>തൊഴിലാളി ക്ഷേമനിധി 980/-<br>ആകെ 2941<br>കൺവീനർക്ക് നല്കിയ തുക 96080/-<br>അധികം നല്കിയത് -980/ |
| | കൺവീനർ-രഘുവരൻ നായർ | |
| | കൺവീനർക്ക് നല്കിയ തുക 96080/-(SBI 67141109657) | |
| 5 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ-വള്ളോംകുന്ന്-മരുത്തൂർ റോഡ്, 72/17-18 | വേലമൂല്യം 45455/-<br>തൊഴിലാളി ക്ഷേമനിധി 455/-<br>വാറ്റ് 2273/-<br>ഐ.റ്റി909<br>ആകെ 49092/-<br>കുറക്കുക<br>വാറ്റ് 2273<br>ഐ.റ്റി 909<br>തൊഴിലാളി ക്ഷേമനിധി 455/-<br>ആകെ 3637<br>കൺവീനർക്ക് നല്കിയ തുക 45455/-<br>അധികം നല്കിയത് -3637/- |
| | കൺവീനർ-ഫിലിപ്പ് ജോസഫ് | |
| | കൺവീനർക്ക് നല്കിയ തുക 45455/-(FDRL18800100034860) | |

| | | |
|---|---|---|
| 6 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ-തീയേറ്റർ പടി.പനപ്പാല റോഡ് 179/18<br>കൺവീനർ-ജോസഫ് റ്റി.സി<br>കൺവീനർക്ക് നല്കിയ തുക 92185/-(FDRL18800100034837) | വേലമൂല്യം 97681/-<br>തൊഴിലാളി ക്ഷേമനിധി 977/-<br>വാറ്റ് 4884/-<br>ഐ.റ്റി 1954<br>ആകെ105496/-(100000/-ൽ പരിമിതപ്പെടുത്തി<br>കുറക്കുക<br>വാറ്റ് 4884<br>ഐ.റ്റി 1954<br>തൊഴിലാളി ക്ഷേമനിധി 977/-<br>ആകെ 7815<br>കൺവീനർക്ക് നല്കിയ തുക 92185/-<br>അധികം നല്കിയത് -2319/-<br>(നികുതി ഇനങ്ങൾക്ക് 7815 രൂപ വേലമൂല്യത്തോടൊപ്പം കൂട്ടിയെങ്കിലും അടങ്കലിൽ നിജപ്പെടുത്തിയതിനാൽ 2319/- രൂപ മാത്രമേ കൺവീനർക്ക് അധികം നല്കിയുള്ളൂ) |
| 7 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ- ചിറക്കരോട്ട് പാറപ്പുറം റോഡ് 169/18 | വേലമൂല്യം 80575/-<br>തൊഴിലാളി ക്ഷേമനിധി 806/-<br>ആകെ 81381/-<br>കുറക്കുക<br>ഐ.റ്റി 1612<br>തൊഴിലാളി ക്ഷേമനിധി 806/- |

| | | |
|---|---|---|
| | കൺവീനർ-മാത്യു പി.റ്റി | ആകെ 2418 |
| | കൺവീനർക്ക് നല്കിയ തുക 78963/-(CNRB3870101006425) | കൺവീനർക്ക് നല്കിയ തുക 78963/-<br>അധികം നല്കിയത് -806/- |
| 8 | പ്രോജക്ട്/പ്രോജക്ട് നമ്പർ-അങ്കണവാടി ചൂണ്ടപ്പറമ്പിൽ റോഡ്182/18 | വേലമൂല്യം 64947/-<br>തൊഴിലാളി ക്ഷേമനിധി 649/-<br>ആകെ 65596/-<br>കുറക്കുക<br>ഐ.റ്റി 1299<br>തൊഴിലാളി ക്ഷേമനിധി 649/-<br>ആകെ 1948<br>കൺവീനർക്ക് നല്കിയ തുക 63648/-<br>അധികം നല്കിയത് -649/- |
| | കൺവീനർ-സി.എസ് സുകുമാരൻ | |
| | കൺവീനർക്ക് നല്കിയ തുക 78963/-(FDRL1880010030835) | |
| 9 | പ്രോജക്ട്/പ്രോജക്ട് നമ്പർ-മാടപ്പള്ളി തേക്കനാംകുന്ന് റോഡ്,176/18 | വേലമൂല്യം 181625/-<br>തൊഴിലാളി ക്ഷേമനിധി 1816/-<br>വാറ്റ് 9081<br>ഐ.റ്റി 3633<br>ആകെ 196155/-<br>കുറക്കുക<br>വാറ്റ് 9081<br>ഐ.റ്റി 3633<br>തൊഴിലാളി ക്ഷേമനിധി 1816/-<br>ആകെ 14530/-<br>കൺവീനർക്ക് നല്കിയ തുക 181625/-<br>അധികം നല്കിയത് -14530/- |
| | കൺവീനർ-മാത്യു റ്റി.വി | |
| | കൺവീനർക്ക് നല്കിയ തുക 181625/-(CNRB3870101005823) | |

| | | |
|---|---|---|
| | | |
| 10 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ- മഹാത്മാഗാന്ധി കോളനി അങ്കണവാടി മെയിന്റനൻസ് | വേലമൂല്യം 38181/-<br>തൊഴിലാളി ക്ഷേമനിധി 382/-<br>വാറ്റ് 1909<br>ഐ.റ്റി 764<br>ആകെ 41237/-<br>കുറക്കുക<br>വാറ്റ് 1909<br>ഐ.റ്റി 764<br>തൊഴിലാളി ക്ഷേമനിധി 382/-<br>ആകെ 3055/-<br>കൺവീനർക്ക് നല്കിയ തുക 38182/-<br>(41237-3055)<br>അധികം നല്കിയത് -3055/- |
| | കരാറുകാരൻ- റ്റി.സി.ചെറിയാൻ | |
| | കരാറുകാരന് നല്കിയ തുക 38182/-(SBI67345690299) | |
| 11 | പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ-വയലിൽ കണ്ടം മരുളൂർ റോഡ് | വേലമൂല്യം 82566/-<br>തൊഴിലാളി ക്ഷേമനിധി 826/-<br>വാറ്റ് 4128<br>ഐ.റ്റി 1651<br>ആകെ 89171/-(85000/-ൽ പരിമിതപ്പെടുത്തി<br>കുറക്കുക<br>വാറ്റ് 4128<br>ഐ.റ്റി 1651<br>തൊഴിലാളി ക്ഷേമനിധി 826/-<br>ആകെ 6605/-<br>കൺവീനർക്ക് നല്കിയ തുക 78395/- |
| | കൺവീനർ-രമേശൻ സി.കെ | |

| | | |
|---|---|---|
| | | |
| | കൺവീനർക്ക് നല്കിയ തുക 78395/-(CNRB3870101005953) | (85000-6605)<br>അധികം നല്കിയത് -2434/-<br>(നികുതി ഇനങ്ങൾക്ക് 6605 രൂപ വേലമൂല്യത്തോടൊപ്പം കൂട്ടിയെങ്കിലും അടങ്കലിൽ നിജപ്പെടുത്തിയതിനാൽ 2434/- രൂപ മാത്രമേ കൺവീനർക്ക് അധികം നല്കിയുള്ളൂ) |
| 12 | പ്രോജക്ട്/പ്രോജക്ട് നംപർ-നരിവേലിപ്പള്ളി-ചൂരപ്പാറ റോഡ് | വേലമൂല്യം 164173/-<br>തൊഴിലാളി ക്ഷേമനിധി 1642/-<br>ആകെ 165815/-<br>കുറക്കുക<br>ഐ.റ്റി 3283<br>തൊഴിലാളി ക്ഷേമനിധി 1642/-<br>ആകെ 4925<br>കൺവീനർക്ക് നല്കിയ തുക 160890/-<br>അധികം നല്കിയത് -1642/- |
| | കൺവീനർ-സിബിജോസഫ് | |
| | കൺവീനർക്ക് നല്കിയ തുക-160890/-അക്കൗണ്ടിൽ നല്കി | |
| | പ്രോജക്ട്/പ്രോജക്ട് നമ്പർ-നീറിക്കാട് പട്ടികജാതി കോളനി റോഡ് | വേലമൂല്യം 293182/-<br>തൊഴിലാളി ക്ഷേമനിധി 2932/<br>വാറ്റ്14659<br>ആകെ 310773/-<br>3ലക്ഷത്തിൽ പരിമിതപ്പെടുത്തി<br>കുറക്കുക |

| | | |
|---|---|---|
| | | |
| | കൺവീനർ-മനോഹരൻ.പി.പി | വാറ്റ്14659<br>ഐ.റ്റി 5864<br>തൊഴിലാളി ക്ഷേമനിധി 2932/-<br>ആകെ 23455<br>കൺവീനർക്ക് നല്കിയ തുക 276545/-<br>അധികം നല്കിയത് -6818/- |
| | കൺവീനർക്ക്നല്കിയതുക-276545/-അക്കൗണ്ടിൽ നല്കി | |
| | ആകെ | 43763/- |

അപാകതയുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 18/20.1.2019) ക്ലറിക്കൽ തെറ്റാണെന്നും അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി അടക്കുന്നതാണെന്നും അസി. എഞ്ചിനീയർ മറുപടി നൽകി. തുക ഈടാക്കി അടവാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയാണ്. ഈ ഇനത്തിൽ അധികം ചെലവഴിച്ച 43763/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## **3-14** അയർക്കുന്നം ഗവ.എൽ.പി.എസ് അടിസ്ഥാന സൗകര്യവികസനം - അധിക പ്രവൃത്തി ചെയ്തതിന് തുക നൽകിയത് അംഗീകരിക്കുന്നില്ല- ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം /പ്രോജക്ട് | 162/18, അയർക്കുന്നം എൽ.പി.എസ്. അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 300000 (മെയിന്റനൻസ് ഗ്രാന്റ്,നോൺ റോഡ്) |
| ചെലവ് | 280897/-<br>വാറ്റ് 11239/- |

| | |
|---|---|
| | ഐ.റ്റി 2810/-<br>വെൽഫയർ ഫണ്ട് 2810/-<br>കരാറുകാരന് നൽകിയത്- 264038<br>ബിൽ നം. 191/05.02.2018 |
| കരാറുകാരൻ | കെ.എം ജോസഫ് |

അയർക്കുന്നം ഗവ.എൽ.പി.എസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ ഗ്രൗണ്ട് ലെവൽ ചെയ്ത് നിരപ്പാക്കി 60 mm കനമുള്ള ഇന്റർ ലോക്കിംഗ് പേവ്മെന്റ് ടൈൽസ് പാകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ എം.ബുക്കിൽ ഇനം1 ആയി ടൈൽ പാകുന്ന ഏരിയ 20മുതൽ 25 സെന്റിമീറ്റർ വരെ ഇളക്കി ലവൽ ചെയ്ത് വെള്ളം തളിച്ച് ഉറപ്പിച്ച് സബ് ഗ്രേഡ് നിർമ്മിക്കുന്നതിന് ഘനമീറ്ററിന് 56.98 രൂപ നിരക്കിൽ 3692.30 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കിയ പ്രതലത്തിൽ 50മി.മീ കനത്തിൽ 6മി.മി മെറ്റലുപയോഗിച്ച് തയ്യാറാക്കുന്ന ബഡ്ഡിലാണ് ഇന്റർ ലോക്കിംഗ് പേവ്മെന്റ് ടൈൽസ് വിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇനം 2 ആയി ചെയ്തിട്ടുള്ള എംബാങ്ക്മെന്റ് നിർമ്മാണം (റോഡ് പ്രവൃത്തികളിൽ ഉപയോഗിക്കുന്നത്) എന്ന പ്രവൃത്തിയുടെ ആവശ്യകത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. മേൽ പ്രവൃത്തി പ്രോജക്റ്റിലുൾപ്പെടുത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രതലം 20 മുതൽ 25 സെന്റിമീറ്റർ വരെ ഇളക്കി ലവൽ ചെയ്ത് വെള്ളം തളിച്ച് ഉറപ്പിച്ച് സബ് ഗ്രേഡ് നിർമ്മിച്ചതിന് ശേഷം വീണ്ടും മണ്ണിട്ട് ഉയർത്തി എന്ന് അസി. എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. എന്നാൽ മണ്ണിട്ട് ഉയർത്തേണ്ട സ്ഥലത്ത് ആദ്യ ഘട്ടമായി മണ്ണിളക്കി ഉറപ്പിച്ചു എന്ന വാദം അംഗീകരിക്കുന്നില്ല. രണ്ടാമത്തെ പ്രവൃത്തിയായ മണ്ണ് ഫില്ലിംഗ് നടത്തിയെന്ന എഞ്ചിനീയറുടെ മറുപടി അംഗീകരിച്ച് ആദ്യ പ്രവൃത്തിക്ക് നല്കിയ 3692/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഈ ഇനത്തിൽ പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 3692 രൂപ നിരാകരിക്കുന്നു.

## **3-15** വാറ്റ് അടവാക്കുന്നതിന് വകയിരുത്തിയ തുക കൺവീനർക്ക് നല്കി -തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള നികുതി വിഹിതം ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കരാറുകാരന് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. 7.5% നികുതി ഇനത്തിൽ വകയിരുത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ വാറ്റ് ഒഴിവാക്കിയതിനാൽ 3% ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ (ഐ.റ്റി 2%, വെൽഫയർഫണ്ട് 1%). ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും വാറ്റ് ഇനത്തിൽ വകയിരുത്തിയ 5% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. (മേൽ പരിശോധനാ സമയത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മിക്ക ഫയലുകളിലും കുറവ് വരുത്തിയിട്ടുണ്ട്). എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 5% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്,പ്രോജക്ട് നമ്പർ<br>കൺവീനർ,<br>ആകെ വേലമൂല്യം<br>കൺവീനർക്ക് നല്കിയതുക | എസ്റ്റിമേറ്റിൽ വകയിരുത്തിയതിന് പുറമേ വേലമൂല്യത്തോടൊപ്പം കൂട്ടി നല്കിയത് | വാറ്റ് ഇനത്തിൽ വകയിരുത്തി കൺവീനർക്ക് അധികം നല്കിയതുക | ആകെ കൺവീനർക്ക് അധികം നല്കിയത് |
|---|---|---|---|---|
| 1 | മണ്ണും മൂട് പടി-വാഴപ്പറമ്പിൽ റോഡ്<br>191/2018<br>വി.സി സ്കറിയ<br>98697/-<br>കൺവീനർക്ക് നല്കിയ തുക 95766/-<br>(SIB 0006053000048274 അക്കൗണ്ടിൽ നല്കി | 977/- | 4886/- | 5863/- |
| 2 | കണ്ടംചിറ ക്ഷേത്രം റോഡ് | 1172 | 5859 | 7031 |

| | | | | |
|---|---|---|---|---|
| | 170/2018<br>സജീവ് കെ.റ്റി<br>118370/-<br>(കൺവീനർക്ക് നല്കിയ തുക 114854/-(CNRB3870101006342 അക്കൗണ്ടിൽ നല്കി) | | | |

അപാകതയുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അധിക തുക നല്കിയത് പരിശോധിച്ച് കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. കൺവീനർക്ക് അധികം നല്കിയ തുക ഈടാക്കി നിയമാനുസൃതം അടവാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയാണ്.

## 3-16 നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പഞ്ചായത്തുകൾക്ക് സർക്കാർ ബാധകമാക്കിയിട്ടുണ്ട്. 2009.6 വകുപ്പ് പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി (അയച്ച തീയതി കൈപ്പറ്റിയതായി പരിഗണിക്കും)14 ദിവസത്തിനകം കരാറുകാരൻ സ്ഥാപനവുമായി കരാർ വയ്ക്കേണ്ടതാണ്. ഇതു പാലിക്കാത്തവർക്ക് തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴയോടെ കരാറിൽ ഏർപ്പെടാവുന്നതാണ്. ഈ കാലയളവിലും കരാർ വയ്ക്കാത്തവരെ ഇ.എം.ഡി കണ്ടുകെട്ടി ഒഴിവാക്കേണ്ടതും തൊട്ടടുത്തയാൾക്ക് ഇതേ നിരക്കിൽ വർക്ക് ചെയ്യാൻ സമ്മതമെങ്കിൽ കരാർ നല്കാവുന്നതും അല്ലാത്ത പക്ഷം റീ ടെണ്ടർ നടത്തേണ്ടതുമാണ്. താഴെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ നിയമാനുസൃതമുള്ള സമയപരിധി കഴിഞ്ഞും പിഴ പോലും ഈടാക്കാതെ കരാർ വയ്ക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്ര.നം | പ്രോജക്ട്,<br>പ്രോജക്ട് നമ്പർ<br>കരാറുകാരൻ<br>കരാർ വച്ച തീയതി<br>കരാർ തുക | സെലക്ഷൻ നോട്ടീസ് അയച്ച/കൈപ്പറ്റിയ തീയതി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റി പിഴയില്ലാതെ കരാർവയ്ക്കാവുന്ന അവസാന തീയതി | പിഴയോടു കൂടി കരാർവയ്ക്കാവുന്ന അവസാന തീയതി | പിഴ 1% നിരക്കിൽ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വട്ടക്കാട്ട് കുടി വെള്ള പദ്ധതി<br>85/2018<br>ഹരിശങ്കർ<br>4-10-2017<br>227744 | 25-08-2017 | 8-9-2017 | 18-9-2017 | 2277 |
| 2 | പനച്ചിത്താംകുന്ന് കുടിവെള്ള പദ്ധതി<br>131/2018<br>വി.സി.ഫീലിപ്പോസ്<br>23-01-2018<br>100000/- | 15-12-2017 | 29-12-2017 | 8-12-2017 | 1000/- |
| 3 | അറുമാനൂർ യു.പി.എസ് പുനരുദ്ധാരണം<br>116/2018<br>ജയിൻ പി ജോർജ്<br>20-09-2017<br>454284/- | 25-08-2017 | 4-9-2017 | 14-9-2017 | 4543/- |

| | | | | | |
|---|---|---|---|---|---|
| 4 | കൃഷി ഭവൻ, ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്<br>74/2018<br>ജിൻസ്ജോർജ്<br>16-09-2017<br>363633/- | 25-08-2017 | 4-9-2017 | 14-9-2017 | 3636/- |
| 5 | മെത്രാഞ്ചേരി- കണ്ണൻകുന്ന് റോഡ് സൈഡ് സംരക്ഷണഭിത്തി<br>127/2018<br>കെ.എം ജോസഫ്<br>26-9-2017<br>402647 | 1-9-2017 | 14-9-2017 | 24-9-2017 | 4026/- |
| 6 | ആമക്കാട്ട്-അമ്പലം പടി റോഡ്<br>78/17-18<br>ആശിഷ് ഫിലിപ്പ്<br>26-10-2017<br>91009 | 25-8-2017 | 8-9-2017 | 18-9-2017 | 1000/-<br>മിനിമം |

| | | | | | |
|---|---|---|---|---|---|
| 7 | കുന്നേട്ടുപടി-പയറ്റുകുഴി<br>94/17-18<br>റോയി എബ്രഹാം<br>18-9-2017<br>363769 | 25-8-2017 | 8-9-2017 | 18-9-2017 | 3637/- |
| 8 | ടാപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം റോഡ്<br>84/17-18<br>ജോമോൻ എബ്രഹാം<br>18-9-2017<br>181832 | 25-8-2017 | 8-9-2017 | 18-9-2017 | 1818/- |

അപാകതയ്ക്കു വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തികൾ നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാണ് പൊതുമരാമത്ത് മാന്വലിൽ നടപടിക്രമങ്ങൾക്ക് സമയപരിധിയും പാലിക്കാത്തവർക്ക് പിഴയും നിശ്ചയിച്ചിട്ടുള്ളത്. സമയക്രമം പാലിക്കാതെ കരാറുകാർക്ക് നിയമാനുസൃതമല്ലാത്ത ഇളവുകൾ അനുവദിക്കുന്നത് ഭരണസമിതി പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-17 വാർഡ് 16,11 ൽ ഉൾപ്പെട്ട 5, 22 നം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ -

## യഥാർഥ ടെണ്ടർ കുറവ് പരിഗണിച്ചില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നം /പ്രോജക്ട് | 5, 22 നം അംഗൻവാടികളുടെ (വാർഡ് 16,11) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ |
| അടങ്കൽ | 300000 (മെയിന്റനൻസ് ഗ്രാന്റ് ,നോൺ റോഡ്) |
| ചെലവ് | 240810 /-<br>വാറ്റ് 9632/-<br>ഐ.റ്റി 2408/-<br>വെൽഫയർ ഫണ്ട് 2408/-<br>ബിൽ നം. 235/8.3.2018 |
| കരാറുകാരൻ | സെബാസ്റ്റ്യൻ കെ.കെ., കാഞ്ഞിരത്തുങ്കൽ, മുട്ടുചിറ |

പഞ്ചായത്തിലെ വാർഡ് 16,11 ൽ ഉൾപ്പെട്ട 5, 22 നം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിൽ രണ്ട് കരാറുകാർ യഥാക്രമം 16.9%, 11.11% ടെണ്ടർ കുറവിൽ ടെണ്ടറുകൾ സമർപ്പിച്ചു. കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത സെബാസ്റ്റ്യൻ കെ.കെ., കാഞ്ഞിരത്തുങ്കൽ, മുട്ടുചിറ എന്ന കരാറുകാരനെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. എന്നാൽ 11.11 % തുകയാണ് ഫൈനൽ ബില്ലിൽ കുറവ് ചെയ്തത്. അപാകത സംബന്ധിച്ച് 16.01.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/19) കരാറുകാരനിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനീയർ മറുപടി നൽകി. വ്യതിയാനം ചുവടെ ചേർക്കുന്നു.

| വേലമൂല്യം | കുറവ് ചെയ്യേണ്ടിയിരുന്നത് (16.9%) | കുറവ് ചെയ്തത് (11.11 %) | വ്യത്യാസം |
|---|---|---|---|
| 270908 | 45,783 | 30,098 | 15685 |

നഷ്ടമായ 15685/- രൂപ കരാറുകാരനിൽ നിന്നോ, നിർവഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-18 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഉദ്യോഗസ്ഥ നിയമനം സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കൃത്യ നിർവ്വഹണത്തിനായി 03/03/2016 ലെ സ.ഉ (കൈ) 4716 ത.സ്വ.ഭ.വ ഉത്തരവിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഓവർസീയറെയും ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും 06/05/2017 മുതൽ 2 വർഷത്തേക്ക് പുനർനിയമിച്ചിട്ടുണ്ട് (25/04/2017 ലെ സാധാരണ മീറ്റിംഗിലെ 12-ാം നമ്പർ തീരുമാനം). 18/05/11 ലെ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ എൻ.ആർ.ജി.എസ് cell 01/10/crc നമ്പർ സർക്കുലർ പ്രകാരം കരാർ ജീവനക്കാരെ പുനർ നിയമിക്കുന്നതിന് അവരുടെ പ്രവർത്തനക്ഷമതയും നിർവ്വഹണശേഷിയും വിലയിരുത്തി രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. ഓഡിറ്റിൽ ഹാജരാക്കിയ എ3.3237/17 നമ്പരിലുള്ള ഫയലിൽ ഇവരുടെ പ്രവർത്തനക്ഷമത വിലയിരുത്തിയതിന്റെ രേഖകൾ ലഭ്യമല്ല. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ഈ രണ്ട് വിഭാഗവും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കിയ പുതിയ ഓവർസീയർ നീർക്കുഴി നിർമ്മിക്കുന്നതിന് മണ്ണിനെ ശരിയായി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിലല്ല റേറ്റ് തയ്യാറാക്കിയത്. നീർക്കുഴി നിർമ്മാണത്തിന് മണ്ണ് സംരക്ഷണ വകുപ്പിന്റെ നിയമ പ്രകാരം പരമാവധി നൽകാവുന്നത് കട്ടിയുള്ള മണ്ണ് 50 ശതമാനവും സാധാരണ മണ്ണ് 50 ശതമാനവും ആണ്. എന്നാൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതി സാധാരണ മണ്ണിൽ അധിഷ്ഠിതമാണെന്ന് അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തി രേഖകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ എം.ജി.എൻ.ആർ.ജി.എസ് ന്റെ ഗ്രാമപഞ്ചായത്ത് വിഭാഗം നിർമ്മിച്ച 38000/- നീർക്കുഴികളിൽ 30000 എണ്ണത്തിന് കട്ടിയുള്ള മണ്ണ് 70 ശതമാനവും സാധാരണ മണ്ണ് 30 ശതമാനവും എന്ന അനുപാതത്തിൽ കിളച്ച് മാറ്റുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. 8000 കുഴികൾക്കാട്ടെ പൂർണ്ണമായും കട്ടിയുള്ള മണ്ണിന്റെ നിരക്കുമാണ് നല്കിയിട്ടുള്ളത്. പ്രവൃത്തിയുടെ വിവരങ്ങൾ അനുബന്ധങ്ങൾ I, II, III ഇവയിൽ രേഖപ്പെടുത്തേണ്ടിയിരുന്നിട്ടും, അനുബന്ധം II ഡേറ്റാ എൻട്രി ഓപ്പറേറ്റർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

ഭാവിയിൽ തൊഴിലുറപ്പ് വിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി, ജില്ലാ പഞ്ചായത്തിൽ നിന്നും 1993000/- രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ 58/18 | 1000000 | | 84000 | 916000 |
| ബ്ലോക്ക് പഞ്ചായത്ത് | തരിശുനിലത്ത് നെൽകൃഷി, കൂലിചെലവ് 32/18 | 153000 | | 153000 | ഇല്ല |
| | സമഗ്ര നെൽകൃഷി വികസനം 3/18 | 340000 | | 340000 | ഇല്ല |
| | വല്യേലി കുടിവെള്ള പദ്ധതി 165/18 | 850000 | | 609555 | 240445 |
| ജില്ലാ പഞ്ചായത്ത് | കിണർ റീചാർജിംഗ് 117/18 | 300000 | | 174000 | 126000 |
| ആകെ | | 1282445 | | | |

സംയുക്ത പദ്ധതികൾക്ക് തൻവർഷം ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള 1282445/- രൂപ സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിനായി സർക്കാർ പുറപ്പെടുവിച്ച 7/17 തീയതി 23.3.2017 മാർഗ്ഗരേഖ പ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 23.17 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 2067793 | ഇല്ല | 2067793 |
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | പനച്ചിത്താംകുന്ന് കുടിവെള്ള പദ്ധതി | 100000 | ഇല്ല | 100000 |
| | വല്യേലിൽ കുടിവെള്ള പദ്ധതി | 150000 | 150000 | 00 |
| ആകെ | | 2317793 | 150000 | 2167793 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായിപ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക (2017-18 വരെ) | തിരിച്ചടവ്(2017-18 വരെ) | ബാലൻസ് |
|---|---|---|---|---|
| സമ്പൂർണ്ണ ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 12880000 | 10100000 | 2780000 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം 1000/- രൂപ നിക്ഷേപം ഈ ഇനത്തിൽ കാണുന്നു. എന്നാൽ വിശദാംശങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വർഷത്തിലെ ഓഡിറ്റ് റിക്കവറി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 96-97 | 12 | 1008 | അബനീന്ദ്രമോഹൻ, സെക്രട്ടറി | 117020400007/ 30-12-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 98466217 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84153608 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 154752 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 947437 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-12 | | 91612 | ശ്രീ നടരാജസുന്ദരം വി.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 43763 | ശ്രീ നടരാജസുന്ദരം വി.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 3692 | ശ്രീ നടരാജസുന്ദരം വി.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 15685 | ശ്രീ നടരാജസുന്ദരം വി.എൻ. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 154752 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 297340 | ശ്രീ എസ്. നെൽസൺ, സെക്രട്ടറി |
| 3-3 | 167000 | ശ്രീ എസ്. നെൽസൺ, സെക്രട്ടറി |
| 3-7 | 483097 | ശ്രീ എസ്. നെൽസൺ, സെക്രട്ടറി |
| ആകെ | 947437 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ നടരാജസുന്ദരം. വി.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | വലിയപറമ്പിൽ, കിടങ്ങൂർ പി.ഒ. കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/27.11.79 | |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി.6-206/98/9.9.00/ 10.11.00 | |
| 1998-99 | എൽ.എഫ്.കെ.പി.6-271/00/6.10.00/ 29.12.01 | |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.12-അദാ2018-51(3)/15-2-18 | 19 |
| 2000-01 &2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.6-1387/07/17.11.08 | |
| 2000-01 | എൽ.എഫ്.കെ.പി.12-അദാ2018-51(4)/15-2-18 | 1 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.6-1007/04/19.4.08 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.6-845/07/20.04.09/ 12.6.09 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.പി.6-682/08 18.04.09/2.07.09 | |
| 2005-06 | എൽ.എഫ്.കെ.പി.6-683/08/5.09.08/ 13.10.08 | |
| 2006-07 | എൽ.എഫ്.കെ.പി.11-994/11/10.10.11 | |
| 2007-08 | കെ.എസ്.എ /കെ.റ്റി.എം പി 12/അദാ18-51(6)/9-1-2018 | 5 |
| 2008-09 | കെ.എസ്.എ /കെ.റ്റി.എം പി 12/അദാ18-51(7)/16-2-2018 | 1 |
| 2009-10 | കെ.എസ്.എ /കെ.റ്റി.എം പി 12/അദാ18-51(8)/16-2-2018 | 2 |
| 2010-11 & 2011-12 | കെ.എസ്.എ /കെ.റ്റി.എം പി 12/അദാ18-51(9)/31-1-2018 | 10 |
| 2012-13 | കെ.എസ്.എ- കെ.ടി.എം.പി.11-1655/15/ 30.3.16 | 22 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-340/16/ 31.3.16 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.3-175/18/ 9.4.2018ശുദ്ധിപത്രം | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.12-737/16/ 20-10-17 | 20 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.12-1727/17/ 29-12-17 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെഎസ്എ-കെടിഎം.പി.12/89/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
ഫോൺ 04812564886
ഇ-മെയിൽ : doktm.ksad@kerala.gov.in

തീയതിഃ 18.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 17-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം, കോട്ടയം